# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 1 | ജനുവരി 1–31 | പേജ് 8


# അഭിജാതയായ മലങ്കരസഭയുടെ മൂന്നു സമുന്നത സാരഥികൾ

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പ്രക്ഷുബ്ധമായ മലങ്കരസഭയ്ക്ക് ഉറച്ച ധാർമ്മിക അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ധീരവും ലക്ഷ്യാധിഷ്ഠിതവുമായ അതുല്യ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ഏറ്റവും വലിയ നേട്ടം, കാതോലിക്കേറ്റിലൂടെ മലങ്കരസഭയുടെ ജന്മസിദ്ധമായ ആദ്ധ്യാത്മിക സ്വാതന്ത്ര്യം ഒരു വൈദേശിക സഭാ മേലദ്ധ്യക്ഷനിൽ നിന്നു വീണ്ടെടുത്തു എന്നതാണെന്നു ചരിത്രം സാക്ഷിക്കുന്നു. ഇവിടുത്തെ ഭൗതിക സ്വാതന്ത്ര്യവും സ്വത്തുകളും ഒരു പരദേശിക്കും ആഗ്രഹിക്കാനോ ചോദിക്കാനോ അവകാശമില്ലെന്നു കോടതികൾ അസന്ദിഗ്ധമായി പലതവണ വ്യക്തമാക്കിയിട്ടുമുണ്ട്. ആത്മീയ – ഭൗതിക സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെട്ടത് അംഗീകരിക്കാൻ സമ്മതമില്ലാതെയുള്ള പാത്രിയർക്കീസന്മാരുടെ കടന്നാക്രമണങ്ങളാണ് സഭ ഇന്നും ശക്തി കുറഞ്ഞ അളവിലാണെങ്കിലും നേരിട്ടുകൊണ്ടിരിക്കുന്നത്.

വട്ടശ്ശേരിൽ തിരുമേനി സഭയുടെ സ്വാതന്ത്ര്യം സഭാംഗങ്ങളുടെ ജന്മാവകാശമാണെന്നു വിശ്വസിക്കുകയും അതു രാജ്യത്തെ ഏറ്റവും വലിയ കോടതികളിലൂടെ നേടിയെടുക്കുകയും വിവിധ ആധ്യാത്മിക പ്രസ്ഥാന പ്രവർത്തനങ്ങളിലൂടെ സഭയ്ക്കു നവചൈതന്യം കൈവരുത്തുകയും ചെയ്തപ്പോൾ ഇന്ത്യൻ ഓർത്തഡോക്സ് സഭ ഒരു നവയുഗത്തിലേക്കു കടക്കുകയായിരുന്നു എന്നു ഇന്നു തിരിഞ്ഞുനോക്കുമ്പോൾ പകൽപോലെ വ്യക്തമാകുന്നു. മോശയെപ്പോലെയുള്ള ഒരു നേതാവായിരുന്നു വട്ടശ്ശേരിൽ തിരുമേനി.

ഈ നവയുഗത്തിന്റെ കർമ്മധീരരെന്നു കണക്കാക്കപ്പെടുന്ന സ്രഷ്ടാക്കളും ശില്പികളും വളർത്തച്ഛന്മാരുമായ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ, ബസ്സേലിയോസ് ഔഗേൻ പ്രഥമൻ, ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നീ പരിശുദ്ധ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ഇന്നു ഭക്ത്യാദരപുരസ്സരം ആചരിക്കുമ്പോൾ ഈ സമുന്നത സഭാസാരഥികളെ സഭയ്ക്കു പ്രദാനം ചെയ്ത ദൈവത്തെ മഹത്വപ്പെടുത്തുകയും അവരുടെ കാലടികളെ പിന്തുടരുകയും ചെയ്യേണ്ടത് സഭാംഗങ്ങളുടെ അലംഘനീയമായ കർത്തവ്യം മാത്രമാണല്ലോ.



പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ



പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ



പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

## പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

കഴിഞ്ഞ നൂറ്റാണ്ടിലെ മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ത്രിമൂർത്തികൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരായിരുന്നു ഇവർ എന്നു ആലങ്കാരികമായി പറഞ്ഞാൽ അവരുടെ സ്ഥാനവും കഴിവും ദൈവികത്വവും ഭക്തിയും ശക്തിയുമെല്ലാം ഒരു വ്യാഖ്യാനവും കൂടാതെ സുവ്യക്തമാകും. കാലാനുസൃതമായ വിദ്യാഭ്യാസയോഗ്യത കുറവായിരുന്നു എങ്കിലും കർമ്മേൽമല പോലെ ഉന്നതനും ഹെർമ്മോൻ മലയിലെ മഞ്ഞുപോലെ വിശുദ്ധനും ആയിരുന്ന ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ഭരണകാലം പ്രതിസന്ധികളുടെയും പരാജയങ്ങളുടെയും കേസുകളുടെയും നാളുകളായിരുന്നു എങ്കിലും നെഹമ്യാവിനെപ്പോലെ നിർമ്മാണവും സമരവും ഒരേസമയം നടത്തി മലങ്കരസഭ ഇന്ത്യൻ ഓർത്തഡോക്സ് സഭ എന്ന പേരിനർഹമാകത്തക്ക വളർച്ച പ്രാപിക്കുകയും ഒടുവിൽ വിജയത്തിന്റെ കൊടുമുടിയിൽ എത്തുകയും ചെയ്തപ്പോൾ സഭാനാഥൻ, പകൽ സൂര്യനെപ്പോലെയും രാത്രിയിൽ ചന്ദ്രനെപ്പോലെയും അദ്ദേഹത്തിന്റെ നേർവഴികളിൽ വെളിച്ചം വീശി. 1958 ലെ സുപ്രീം കോടതിവിധിയെ തുടർന്ന് അക്കൊല്ലം തന്നെ സഭയിൽ പരിപൂർണ്ണ സമാധാനം കൈവരുകയും 'വൃദ്ധൻ പുന്നൂസെന്ന്' അദ്ദേഹത്തെ അന്നുവരെ അറിവില്ലാതെ അഭിസംബോധന ചെയ്തവർ ഒറ്റരാത്രികൊണ്ട് അതേ നാവിനാൽ 'പരിശുദ്ധ ബാവാ' എന്നു തിരുത്തി വിളിക്കുകയും ചെയ്തപ്പോൾ 'സത്യം ജയിക്കു'മെന്നുള്ള അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം അന്വർത്ഥമായി. വിഘടിച്ചു നിന്ന മെത്രാന്മാർ കാതോലിക്കേറ്റിന്റെ കൊടിക്കീഴിൽ ആചന്ദ്രതാരം നിലകൊള്ളുമെന്ന് ആണയിട്ടു. അവർക്കു ബാവാ ഭദ്രാസനങ്ങൾ നൽകി. ആർക്കും സ്ഥാനവും, കോടതിച്ചെലവും മാനവും നഷ്ടപ്പെട്ടില്ല. ഇന്നലെവരെ ഭിന്നിച്ചുനിന്നവർ ഒന്നായി. ഇതിലധികം അദ്ദേഹത്തിന് എന്തു ഭാഗ്യം ലഭിക്കാനുണ്ട്?

ഗീവറുഗീസ് ദ്വിതീയൻ, കാതോലിക്കാ ആയപ്പോൾ ആ വലിയ പദവി ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള തനിക്കാണു ലഭിക്കേണ്ടതെന്നു പ്രത്യക്ഷമായും പരോക്ഷമായും സൂചിപ്പിച്ചിരുന്ന ബഥനിയുടെ മാർ ഈവാനിയോസ് തഴച്ചുവളർന്ന ബഥനി ആശ്രമത്തിൽ തിളച്ച വെള്ളം ഒഴിച്ച് നിരാശനായി റോമാസഭയിൽ ചേരുകയും റീത്തു പ്രസ്ഥാനമുണ്ടാക്കി അജമോഷണം നടത്തി മലങ്കരസഭയിൽ ഒരു ഭിന്നിപ്പു കൂടി സൃഷ്ടിക്കുകയും ചെയ്തതിൽ പ. ബാവായ്ക്കു വലിയ കുണ്ഠിതം ഉണ്ടായി. എന്നാൽ മൂന്നര ദശാബ്ദക്കാലത്തെ ഭരണത്തിനിടയിൽ ആ ദുഃഖത്തെ മറക്കത്തക്കവിധം സഭയ്ക്കുണ്ടായ നേട്ടങ്ങൾ ഒട്ടധികമാണ്. 1937-ൽ ആഗോള സഭകളുമായി സഹകരിച്ചു എഡിൻബറോ സമ്മേളനത്തിൽ സംബന്ധിച്ചതും വൈദികപഠനം എം. ഡി. സെമിനാരിയിൽ പുനരാരംഭിച്ചതും ഒട്ടധികം സഭാ പുരോഗമന പ്രവർത്തനങ്ങൾക്ക് ആരംഭമിട്ടതും പാത്രിയർക്കീസ് പക്ഷത്തിന്റെ തെറ്റായ നീക്കങ്ങളെ പ്രതിഷേധിച്ചു കണ്ടനാടു ഭദ്രാസനവും വലിയ ഇടയനായ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും കാതോലിക്കേറ്റിന്റെ കീഴിൽ വന്നതും 1947-ൽ പരുമല ത്തിരുമേനിയേയും കോതമംഗലത്തു കബറടങ്ങിയിരിക്കുന്ന യൽദോ മാർ ബസ്സേലിയോസിനെയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചതും, 1952-ൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ആരംഭിച്ചതും 1952 ൽ കോട്ടയം സി. എം. എസ്. കോളജിൽ അഖിലോക യുവജനസമ്മേളനം നടത്തിയതും, 1953-ൽ അഞ്ചു മെത്രാന്മാരെ ഇതാദ്യമായി ഒന്നിച്ചു കോട്ടയത്തു വച്ചു വാഴിച്ചതും 1956-ലെ എതോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ സന്ദർശനവും ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ കോട്ടയം എം. ഡി.സെമിനാരിയിൽ വച്ചു സ്വീകരിച്ചതും ദേവലോകം കാതോലിക്കേറ്റ് അരമനയും ചാപ്പലും നിർമ്മിച്ചതും സർവ്വോപരി 1958-ലെ സഭാ സമാധാന വ്യാപനവും ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ നേട്ടങ്ങളുടെ നീണ്ട പട്ടികയിൽ ഉൾപ്പെടുന്നു.

ഉത്തമന്മാരായ മേല്പട്ടക്കാരെയും ശക്തമായ ഭദ്രാസനങ്ങളെയും കലഹം ശമിച്ച സഭയേയും പ്രബുദ്ധരായ സഭാ സ്നേഹികളേയും കണ്ടശേഷം സംതൃപ്തിയോടെയാണ് അദ്ദേഹം 1964 ജനുവരി 3 ന് സ്വർഗ്ഗത്തിലേക്കു കടന്നുപോയത്.

1958-ലെ സുപ്രീംകോടതിവിധിയും സഭാസമാധാന സ്ഥാപ നവും സ്വർഗ്ഗത്തോളം ഉയർന്നവരെന്നു തെറ്റായി വിശ്വസിച്ചിരുന്ന പാത്രിയർക്കീസന്മാരെ പാതാളത്തോളം താഴ്ത്തിയെന്ന യാഥാർത്ഥ്യം സഭാംഗങ്ങൾ മനസ്സിലാക്കി.

മലങ്കരയിൽ കാതോലിക്കേറ്റ് രൂപം കൊണ്ട നിമിഷത്തിൽ പാത്രിയർക്കീസിന് ഇവിടെ ഉണ്ടായിരുന്ന അധികാരാവകാശങ്ങൾ അപ്രത്യക്ഷമാകുന്ന ബിന്ദുവിൽ എത്തി എന്ന സത്യം സുപ്രീംകോടതി വൈദേശിക സഭാധികാരികളെ സംശയാതീതമായി ധരിപ്പിച്ചു.

## പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ

മലങ്കരയിൽ ഒരു കാതോലിക്കേറ്റ് ഉണ്ടാകുന്നതിനു വേണ്ടി അണിയറയിൽ നിന്ന് ആത്മാർത്ഥമായി പ്രവർത്തിക്കുകയും ഒരു ശെമ്മാശനായി 1905 മുതൽ സിറിയൻ ഓർത്തഡോക്സ് സഭയേയും അതിന്റെ ദൗർബല്യങ്ങളെയും അകത്തു കടന്നു ശരിക്കു മനസ്സിലാക്കുകയും ചെയ്ത ഔഗേൻ റമ്പാനാണ് പ. അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ സ്ഥാനത്തിനോ പട്ടത്വത്തിനോ അണുപോലും ന്യൂനതയില്ലെന്നു പ. വട്ടശ്ശേരിൽ തിരുമേനിയെ എഴുതി അറിയിച്ചതും അബ്ദള്ളാ പാത്രിയർക്കീസിന്റെ മുടക്കു നൂറു ശതമാനവും തെറ്റാണെന്നു ധരിപ്പിച്ചതും. ഒരു പ്രത്യേക സാഹചര്യത്തിൽ കാതോലിക്കേറ്റ് അനുവദിക്കുന്നതിൽ താല്പര്യം പ്രകടിപ്പിക്കാതിരുന്ന അബ്ദേദ് മശിഹാ, പിശാചിന്റെ ആയുധമായ മുടക്ക് അബ്ദള്ളാ പാത്രിയർക്കീസ് പ്രയോഗിച്ചപ്പോൾ അതിനെ നിരാകരിക്കാൻ വട്ടശ്ശേരിൽ തിരുമേനിക്കു കല്പന ലഭിച്ചതും പിന്നീട് അദ്ദേഹം വന്നു കാതോലിക്കായെ വാഴിച്ചതും ദൈവനിയോഗമല്ലെങ്കിൽ പിന്നെന്താണ്?

കാതോലിക്കേറ്റിന്റെ അണിയറ ശില്പികളിൽ ഒരാളായിരുന്ന ഔഗേൻ റമ്പാൻ പിന്നീട് കാതോലിക്കായായി ഉയർന്നതും പ്രതിസന്ധികളിൽ കാതോലിക്കേറ്റിന്റെ ഉറങ്ങാത്ത ശക്തനായ കാവൽക്കാരനായിത്തീർന്നതും ഇന്നലെ നടന്ന സംഭവങ്ങളാണല്ലോ.

അന്ത്യോക്യൻ സഭയുടെ വഞ്ചനയും കാപട്യവും നേരിൽ കണ്ടു മനംനൊന്ത ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി നടത്തിയ ആത്മാർത്ഥത നിറഞ്ഞ സഭാസമാധാനശ്രമങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ താൻ നേതൃത്വം നൽകിവന്ന കണ്ടനാട് ഭദ്രാസനത്തോടൊപ്പം കാതോലിക്കേറ്റിന്റെ കീഴിൽ വന്നശേഷം അദ്ദേഹം സഹിച്ച മർദ്ദനങ്ങൾക്കും ഭീഷണികൾക്കും കണക്കില്ല. പിറവത്തുവച്ച് അദ്ദേഹത്തെ അടിച്ചവരെയെല്ലാം ദൈവം ശിക്ഷിച്ചു. വിവരം കുറഞ്ഞ വടക്കുള്ള ചിലർ തള്ളിക്കളഞ്ഞ ആ കല്ലു പിന്നീടു മൂലക്കല്ലായിത്തീരുകയും കാതോലിക്കാ

*(ശേഷം 7-ാം പേജിൽ)*

# അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി

### ആമുഖം

ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയിലെ അൽമായക്കാരുടെ ഭരണഘടനാപരവും പാരമ്പര്യങ്ങളിൽ അധിഷ്ഠിതവുമായ അവകാശാധികാരങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനും, ഓർത്തഡോക്സ് സഭാപാരമ്പര്യത്തിനും, മാർത്തോമ്മാമാർഗ്ഗത്തിനും നസ്രാണി പൈതൃകത്തിനും നിരക്കാത്തതും അവിഹിതമായി സഭയിൽ കടന്നുകൂടിയിട്ടുള്ള പാശ്ചാത്യ ദർശനങ്ങളും, ഉപദേശങ്ങളും, ആചാരാനുഷ്ഠാനങ്ങളും കാനോൻ നിയമങ്ങളിൽ വന്നുപോയിട്ടുള്ള സ്ഖലിതങ്ങളും മാറ്റുന്നതിനും, കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനും വേണ്ടി മലങ്കര സഭയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് അഖില മലങ്കര അൽമായ വേദി.

കഴിഞ്ഞ നൂറ്റാണ്ടിൽ സഭയുടെ നവോത്ഥാനത്തിനുവേണ്ടി മലങ്കരസഭയുടെ അൽമായ പ്രമുഖരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച **മലങ്കരമഹാജനസഭ**യുടെ പിൻതുടർച്ചയായുള്ള ഒരു സംഘടനയായി ഈ പ്രസ്ഥാനത്തെ കണക്കാക്കാവുന്നതാണ്.

### പ്രതിജ്ഞ

**പ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കര ഓർത്തഡോക്സ് സഭയോടും അതിന്റെ പരമാദ്ധ്യക്ഷനായി പ. മാർ തോമ്മാശ്ലീഹായുടെ ശ്ലൈഹീക സിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ കാതോലിക്കോസിനോടും സഭയുടെ ഇന്ത്യൻ - മാർത്തോമ്മാ പൈതൃകത്തോടും ഉള്ള കൂറും വിധേയത്വവും അൽമായവേദി ആവർത്തിച്ച് ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു.**

### ലക്ഷ്യങ്ങൾ

സഭാ ഭരണത്തിന്റെ മുഖ്യധാരയിൽ നിന്നും സമീപകാലത്ത് പാർശ്വവൽക്കരിക്കപ്പെടുകയും അന്യവൽക്കരിക്കപ്പെടുകയും ചെയ്ത അൽമായക്കാരെ യഥാസ്ഥാനത്തേക്ക് കൊണ്ടുവരിക എന്ന വേദിയുടെ മുഖ്യലക്ഷ്യത്തോടൊപ്പം അവരിൽ സഭാവിശ്വാസ തീക്ഷ്ണതയും കൂറും വളർത്തിക്കൊണ്ടുവരുന്നതിനും വേദി പരിശ്രമിക്കുന്നതാണ്. അജപാലന രംഗത്തെ പരാജയം മൂലം നിരാശരായ അൽമായക്കാർ ഇതര വിശ്വാസ പ്രസ്ഥാനങ്ങളിലേക്ക് പോകുന്നത് തടയണമെങ്കിൽ അൽമായക്കാർക്ക് സഭാജീവിതത്തിൽ അർത്ഥ പൂർണ്ണമായ പങ്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. വ്യവഹാരങ്ങൾ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതുവഴി സഭ അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങളിൽനിന്നും അകന്നു പോകുന്ന ഇന്നത്തെ ദുഃസ്ഥിതിയിൽനിന്നും കരകയറണമെങ്കിൽ അൽമായക്കാരുടെ ശാക്തീകരണത്തിൽ ഊന്നിയ ഒരു നവോത്ഥാന പ്രസ്ഥാനം സജീവമാകേണ്ടിയിരിക്കുന്നു.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

**- ഇതിനായി അൽമായവേദി അടിയന്തിരമായി മുന്നോട്ട് വയ്ക്കുന്ന ചില നിർദ്ദേശങ്ങൾ.**

**1. മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റവും റിട്ടയർമെന്റും ഉടൻ നടപ്പിലാക്കുക.**

ഭദ്രാസനാധിപന്മാരായ മെത്രാപ്പോലീത്താമാർ അഞ്ചു വർഷം കൂടുമ്പോൾ ഭദ്രാസനം മാറേണ്ടതും എഴുപത്തഞ്ചു വയസ്സിൽ ഭരണാധികാരം ഒഴിയേണ്ടതും ആണ്. മാനേജിംഗ് കമ്മറ്റി നിശ്ചയിച്ച സബ്കമ്മറ്റി ഈ വിഷയത്തിൽ നൽകിയ നിർദ്ദേശം ഉടൻ നടപ്പിലാക്കേണ്ടതാണ്. സഭയെ ഒന്നായി കാണാതെ ഓരോ ഭദ്രസനവും ഒരു സ്വതന്ത്രസഭയെപ്പോലെ പ്രവർത്തിക്കുന്ന ഇന്നത്തെ ഭരണരീതിയിൽ മാറ്റം വരുത്തേണ്ടതാണ്.

**2. സഭാ ഭരണഘടന കാലോചിതമായി പരിഷ്ക്കരിക്കുക.**

സങ്കല്പത്തിൽ മാത്രമുള്ള ആകമാനസുറിയാനിസഭ, അപ്രസക്തമായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേൽക്കോയ്മാ പ്രതിപാദനം മുതലായിഭരണഘടനയിലെ പല പരാമർശനങ്ങളും ചരിത്ര വസ്തുതകൾക്കും പാരമ്പര്യങ്ങൾക്കു നിരക്കാത്തതാണ്. 1934 -ലെ സാഹചര്യത്തിൽ തയ്യാറാക്കിയ സഭാഭരണഘടനയിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും അൽമായരുടെയും പട്ടക്കാരുടെയും അവകാശങ്ങളും അധികാരങ്ങളും നിർവചിച്ച്, അംഗീകരിച്ച്, ജനാധിപത്യ വ്യവസ്ഥയ്ക്ക് മുൻതൂക്കം നൽകി ഭരണഘടന പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

**3. ഉപദേശകസമിതി-പ്രവർത്തകസമിതി അംഗങ്ങളെ മാനേജിംഗ് കമ്മിറ്റിയിൽനിന്നുമാത്രം നിയമിക്കുക.**

ഇച്ഛാശക്തി ഇല്ലാത്ത സഭാനേതൃത്വവും അതിന്റെപിന്നിൽ പ്രവർത്തിക്കുന്ന വ്യവസായ-മാധ്യമ-രാഷ്ട്രീയ ലോബികളും ചേർന്ന് സഭയെ ഒരു സ്വകാര്യവാണിജ്യസ്ഥാപനം ആക്കിതീർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് അപകടകരമായ ഈ പ്രവർത്തന ശൈലിയാണ് സഭയുടെ ദുരവസ്ഥയ്ക്ക് മുഖ്യകാരണം.

വ്യവസ്ഥാപിതമായി തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക് തീരുമാനം എടുക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പ്രതിബന്ധമായി നിൽക്കുന്ന നോമിനേറ്റഡ് മെമ്പർമാരെ സുപ്രധാന സമിതികളിൽ നിന്നും മാറ്റി നിർത്തേണ്ടതാണ്. പിൻവാതിൽ വഴി സഭാഭരണ നേതൃത്വത്തിലേക്ക് കടന്നുവരുന്ന സ്ഥാപിത താൽപര്യക്കാരെ ഒഴിവാക്കി, പ്രവർത്തക സമിതിയിലും ആലോചനസമിതികളിലും തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി അംഗങ്ങളെ മാത്രം നിയമിക്കേണ്ടതാണ്.

മാനേജിംഗ് കമ്മറ്റിയിലും മറ്റു സുപ്രധാന സമിതികളിലും നോമിനേറ്റഡ് മെംബർമാരുടെ സംഖ്യ മൊത്തം അംഗങ്ങളുടെ പത്തുശതമാനത്തിലധികമാകാതെയിരിക്കുവാൻ ഭരണഘടനയിൽ വ്യക്തമായ വ്യവസ്ഥ സൃഷ്ടിക്കണം.

**4. സഭാസ്ഥാപനങ്ങളുടെ ഭരണാധികാരികളെ നിയമിക്കുന്ന നടപടി ക്രമങ്ങൾ നവീകരിക്കുക.**

സഭ വക സ്ഥാപനങ്ങളിൽ മേലധികാരികൾ ആകുന്നവർക്കുള്ള യോഗ്യതയും കഴിവുകളും നിശ്ചയിക്കാൻ നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കണം. ദയറാജീവിതം തിരഞ്ഞെടുത്തവർ ലൗകികസ്ഥാപനങ്ങളുടെ മേലധികാരികളാകുന്നത് വഴി ഉണ്ടാകുന്ന സാക്ഷ്യഭംഗം ഒഴിവാക്കണം. അധികാരസ്ഥാനങ്ങളിൽ എത്തുന്നവർ ആജീവനാന്തം ഒരേ പദവിയിൽ തുടരുന്നത് അനൗചിത്യമാണ്. ഇതു മൂലം സ്ഥാപിത താൽപര്യ സംരക്ഷണവും അഴിമതി സാദ്ധ്യതകളും ഉണ്ടാകും. ഈ ന്യൂനതകൾ പരിഹരിക്കാനുള്ള സത്വര നടപടികൾ ഉണ്ടാകണം.

**5. വൈദികസെമിനാരി ഭരണം ആധുനീകരിക്കുകയും നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുക.**

വൈദീക സെമിനാരികളുടെ ഇന്നത്തെ ഭരണപരവും പരിശീലനപരവും ആയ ന്യൂനതകൾ നീക്കി സഭയുടെ ആദ്ധ്യാത്മിക സ്രോതസ്സാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കണം. സെമിനാരി അദ്ധ്യാപകരെ കാലാകാലങ്ങളിൽ മുഴുവൻ സമയ ഇടവക സേവനത്തിനു നിയോഗിക്കേണ്ടതാണ്. പണ്ഡിതരായ പട്ടക്കാരുടെയും അൽമായക്കാരുടെയും കഴിവുകൾ സെമിനാരിയുടെ ഉയർച്ചക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. വൈദികസെമിനാരികൾ തൊഴിൽദാന പ്രസ്ഥാനമായി മാറാതെ വിശുദ്ധിയുടെയും ആതുരസേവനത്തിന്റെയും വക്താക്കളെ വാർത്തെടുക്കുന്ന പ്രസ്ഥാനമാക്കി തീർക്കേണ്ടതാണ്. ഒരു മെത്രപ്പോലീത്തായുടെ മുഴുവൻ സമയ മേൽനോട്ടം സെമിനാരികൾക്ക് അത്യന്താപേക്ഷിതമാണ്.

**6. സഭാവക വിദ്യാഭ്യാസ-ആതുര സ്ഥാപനങ്ങളുടെ സുതാര്യത ഉറപ്പാക്കുക**

സഭാ വക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സഭാംഗങ്ങൾക്കു പ്രവേശനങ്ങളും, നിയമനങ്ങളും സൗജന്യമാക്കുക. മാനേജ്മെന്റ് ക്വോട്ട, നിശ്ചിത യോഗ്യതകളുള്ള സഭാമക്കൾക്കു മാത്രമായി നിജപ്പെടുത്തുകയും ശുപാർശകളും, മറ്റ് അധാർമ്മിക പരിഗണനകളും, സാമ്പത്തിക ഇടപാടുകളും അവസാനിപ്പിച്ച് സുതാര്യത നിലനിർത്തുകയും ചെയ്യേണ്ടതാണ്.

**7. മേൽപട്ടക്കാരുടെ സ്വകാര്യ സ്വത്തു സമ്പാദനം ഒഴിവാക്കുക**

മേൽപ്പട്ടക്കാർ സഭയ്ക്കുവേണ്ടി സ്വയം സമർപ്പിച്ചവരാണ്. സഭയുടെ വളർച്ചയും ഉന്നമനവും മാത്രം ലാക്കാക്കി പ്രവർത്തിക്കേണ്ട മേൽപട്ടക്കാർ പണപിരിവ് നടത്തിയും മറ്റ് പലവിധ മാർഗ്ഗങ്ങളിൽ കൂടിയും സ്വന്തമായ സ്വത്തുക്കൾ സമ്പാദിക്കുന്നത് ഉചിതമല്ല.

മേൽപട്ടക്കാർ വിദേശ ഭദ്രാസനങ്ങളിലെ ആത്മീയ മക്കളിൽ നിന്നും സ്വേഛാപരമായി നടത്തുന്ന നിർബന്ധിത പണപിരിവ് നിർത്തലാക്കണം. സഭാകേന്ദ്രത്തിൽ നിന്നും നിയോഗിക്കുന്ന പട്ടക്കാരോ മേൽപട്ടക്കാരോ മാത്രം നിശ്ചിത ആവശ്യത്തിന് വിദേശ പിരിവുകൾ നടത്തണം. അതിന്റെ കണക്കുകൾ ഓഡിറ്റു ചെയ്ത് നിശ്ചിത സമയത്തിനുള്ളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**8. വൈദിക സ്ഥാനികളെ തിരഞ്ഞെടുക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുക.**

സഭാസേവനം ഇന്ന് ഒരു തൊഴിലായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വന്നേ മതിയാകൂ. പട്ടക്കാരാകുവാൻ ആഗ്രഹിക്കുന്നവർ ദൈവവിളിയും, മാതൃകാപരമായ ജീവിതശൈലിയും, എളിമയും എല്ലാവരുടെയും അംഗീകാരവും ഉള്ളവനായിരിക്കണം. ഏതു അവിവാഹിത പട്ടക്കാരനും മേൽപട്ട സ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകാവുന്ന ഇന്നത്തെ നടപടിക്രമങ്ങൾ മാറിയേ മതിയാവൂ. സ്ഥാനാർത്ഥികൾ സേവനങ്ങളും കഴിവുകളും തെളിയിക്കപ്പെട്ട് അംഗീകാരം ലഭിച്ചവരായിരിക്കണം. അതിനുതകുന്ന നടപടിക്രമങ്ങൾ ഉടൻ നടപ്പിലാക്കണം.

**9. ഒരു സ്വതന്ത്ര കേന്ദ്രീകൃത ഓഡിറ്റ് സമ്പ്രദായം നടപ്പിൽ വരുത്തുക.**

ഇടവകതലം മുതൽ കേന്ദ്രതലം വരെയുള്ള സ്ഥാപനങ്ങളുടെയും സഭാ ഘടകങ്ങളുടെയും കണക്കുകൾ പരിശോധിക്കുന്നതിന് സ്വതന്ത്ര ഏജൻസികളെ നിയമിക്കണം. കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏകീകരിച്ച്, നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ഈ ഏജൻസിയിൽക്കൂടി സഭ മുഴുവൻ നടപ്പിലാക്കേണ്ടതാണ്.

(തുടരും)

## വടകരപള്ളി ഭരണം മലങ്കരമക്കൾ തിരിച്ചു പിടിച്ചു

കൊച്ചി: റിസീവർ ഭരണം അവസാനിപ്പിക്കാൻ അന്ത്യോഖ്യാ വിശ്വാസികൾ കൊടുത്ത കേസ്സിന്റെ വിധി അടിസ്ഥാനപ്പെടുത്തി 1934 ലെ സഭാഭരണഘടനപ്രകാരം നടന്ന തെരഞ്ഞെടുപ്പിലൂടെ വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഭരണം മലങ്കര ഓർത്തഡോക്സ് സഭാ അംഗങ്ങൾക്ക് ലഭിച്ചു. ഇതിനെതിരെ പുത്തൻകുരിശിലെ പുതിയ സഭാവിഭാഗം ജില്ലാ കോടതിയിലും, ഹൈക്കോടതിയിലും നല്കിയ അപ്പീലുകൾ ഹർജികൾ തള്ളി. ഇതേ തുടർന്ന്, വേണ്ടിവന്നാൽ തോമസ് പ്രഥമൻ തന്റെ സമരമുറകൾ പള്ളിക്കു മുമ്പിൽ അവതരിപ്പിക്കും എന്ന ഭീഷണി മുഴക്കിയതിനാൽ കേരള ഗവൺമെന്റും, പോലീസും നിസ്സംഗത നടിച്ച് വിമതരെ സഹായിക്കുന്നു. മുഖ്യമന്ത്രിയെ നേരിൽ കണ്ട് വിവരങ്ങൾ ധരിപ്പിച്ചിട്ടും നിയമവും നീതിയും നടന്നിട്ടില്ല.

## പ്രതിഷേധിച്ചു

കോട്ടയം: കണ്ണ്യാട്ടുനിരപ്പ്, വടകര, കോലഞ്ചേരി പള്ളികളെ സംബന്ധിച്ച് സുപ്രീംകോടതി വരെയുള്ള കോടതികളിലെ ഉത്തരവുകളിൽ വെള്ളം ചേർക്കാനും വിധി നടപ്പാക്കാതെ വിഘടിത വിഭാഗത്തെ പ്രീണിപ്പിച്ച് വോട്ടുബാങ്കുകൾ നിലനിർത്തുവാൻ സർക്കാരിനൊപ്പം നിന്ന് സഭയുടെ താല്പര്യങ്ങൾക്ക് തുരങ്കം വയ്ക്കുന്ന സഭയിലെ വിവിധ സ്ഥാനികളുടെയും, അത്മായ നേതാക്കളുടെയും, ഗവൺമെന്റിന്റെയും നയത്തിൽ അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി സെക്രട്ടറിയേറ്റ് ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി.

## പ്രത്യേക അറിയിപ്പ്

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ പുതിയ വർഷത്തേക്കുള്ള രസീത് ബുക്കുകൾ വിതരണത്തിന് തയ്യാറായിരിക്കുന്നു. സംഘടനയുടെ രജിസ്ട്രേഷൻ നമ്പർ (K 713/2005), ട്രഷറർ ശ്രീ. തോമസ് കൊച്ചേരിയുടെ ഒപ്പ് എന്നിവയില്ലാത്ത എല്ലാ രസീത്ബുക്കുകളും ജനുവരി 1-ാം തീയതി മുതൽ റദ്ദാക്കിയിരിക്കുന്നു.

എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശാനുസരണം

**തോമസ് ചാണ്ടി** (സെക്രട്ടറി)

ALMAYAVEDI

EDITORIAL BOARD

1. Mathews Thyparamban - Convener
2. M. Kurian Thomas - Secretary
3. Babu Vettuvelil
4. Kurian V. Kurian
5. Philip Kuruvilla
6. Philipose Pottakkavayalil
7. Jacob Chempla
8. James Pampady

Ex - Officio Members

K. V. Abraham Koduvath - Working President
Capt. Koshy Mathai - Vice President
Thomas Chandy - Secretary
Thomas Kochery - Treasurer

# അച്ചനും കൊച്ചനും

**മാത്തുക്കുട്ടിച്ചായൻ**

വടക്കത്തെ ഒരു യാക്കോബായാ സുറിയാനി ഓർത്തഡോക്സ് സിറിയൻ പാത്രിയർക്കാ പള്ളിയിൽ അന്ത്യോഖ്യ വിശ്വാസം പഠിക്കുന്ന കുട്ടി (കൊച്ചൻ) വികാരിയോട് (അച്ചൻ): "എന്താ അച്ചാ ഓർത്തഡോക്സ്കാർ അവരുടെ പുതിയ ബാവായ്ക്ക് ദിദിമോസ് എന്ന പേരു കൊടുത്തത്."

അച്ചൻ: "മോനെ, പന്തിരുവർക്കും കെട്ടാനും, അഴിക്കാനും, അധികാരവും സിംഹാസനവും നല്കി. ശീമയിൽ നിന്ന് പണ്ട് വന്ന യുയാക്കിം മോർ കൂറിലോസു ബാവാ വരെ തോമ്മായുടെ സിംഹാസനത്തിൽ ഇരുന്നിട്ടുണ്ടെന്ന് റാക്കാട്ടു പള്ളിയിൽ രേഖയും ഉണ്ട്. പക്ഷെ 1970 – ൽ നമ്മുടെ പാത്രിക്കീസു ബാവാ 203 വഴി തോമ്മാശ്ലീഹായെ കപ്യാരുടെ സ്ഥാനത്തു നിന്നുപോലും മാറ്റി ഇന്ത്യയുടെ കാവൽക്കാരൻ അഥവാ വാച്ചറാക്കി തരം താഴ്ത്തി. അതുകൊണ്ട് തോമസ്സ് എന്ന പേരിൽ സിംഹാസനം ഉപയോഗിക്കാൻ പാടില്ല."

കൊച്ചൻ: "അതാ നമ്മുടെ തോമസ്സ് പ്രഥമൻ ബാവായ്ക്ക് സിംഹാസനം ഇല്ലാത്തതും കീഴ്സ്ഥാനിയാണെന്നും പറയുന്നതും. ബാവാ ആലുവായിലൊക്കെ സമരത്തിനു പോകുമ്പോൾ വഴിയിലും, പറമ്പിലും പള്ളിമുറ്റത്തും ഒക്കെ പായിട്ട് ഇരിക്കുകയും കിടക്കുകയും ചെയ്യുന്നത്. അല്ലേ അച്ചാ?"

അച്ചൻ: "അതെ മോനേ."

കൊച്ചൻ: "എന്നാ പിന്നെ ആ പഴയ സിംഹാസനം എവിടെ?"

അച്ചൻ: "നീ മനോരമ വായിക്കാറില്ലേ?"

കൊച്ചൻ: "ഇല്ല."

അച്ചൻ: "എന്തുകൊണ്ട്?"

കൊച്ചൻ: "വല്യപ്പച്ചൻ പറഞ്ഞിട്ടുണ്ട് മനോരമ ഓർത്തഡോക്സുകാരുടെ പത്രമാണ്, അവർ ശീശ്മക്കാരാണെന്നും. പെരുമ്പള്ളി തിരുമേനിയും, ചെറുവള്ളി തിരുമേനിയും പറഞ്ഞിട്ടുണ്ട് മനോരമ ബഹിഷ്കരിക്കണം എന്ന്."

അച്ചൻ: "എടാ മണ്ടാ. അതു പണ്ട്. ഇന്നവർ രണ്ടു പക്ഷത്തുമുണ്ട്. 90% നമ്മുടെ കൂടയാ. പണ്ടത്തെപോലെ കാതോലിക്കാ പക്ഷത്തിനു വേണ്ടി അവർ എഴുതിയിരുന്നുവെങ്കിൽ വീണ്ടും 58 ആവർത്തിക്കുമായിരുന്നു. അവരുടെ കരുണ കൊണ്ട് നമുക്ക് നിലനില്പും – അവർക്കു വളർച്ചയും – ഓർത്തഡോക്സ്കാർക്ക് ഇടർച്ചയും നമുക്കും, റീത്തുകാർക്കും കാതോലിക്കാസ്ഥാനവും ഉറപ്പായി."

കൊച്ചൻ: "അല്ല അച്ചാ എനിക്ക് ഒരു സംശയം കൂടി."

അച്ചൻ: "മതി. ഇനി അടുത്ത തവണയ്ക്ക് വരുമ്പോൾ പറയാം. അച്ചന് ഇന്നു വൈകിട്ട് തെക്കൊരു ഓർത്തഡോക്സ് പള്ളിയിൽ ഓടിളക്കി കയറണം. രാവിലെ കുർബാനയുടെ സമയമാകുമ്പോൾ പോലീസിനെ വിടാമെന്ന് മുഖ്യമന്ത്രി വരെ ഏറ്റു. തക്കസമയത്ത് പത്രക്കാരെ എത്തിക്കാനും, ഓർത്തഡോക്സ്കാരുടെ ദേവലോകത്തു നിന്ന് പ്രശ്നം ഒന്നും ഉണ്ടാക്കില്ലെന്നും ഉറപ്പുണ്ട്. പിന്നെ ലോക്കലായി ചില വേദി കിട്ടാത്ത അത്മായവേദിക്കാർ എന്ന സാദാ ഓർത്തഡോക്സുകാർ. അവരെ കൈകാര്യം ചെയ്യാൻ അവരുടെ സഭാനേതാക്കളെ തന്നെ ഏല്പിച്ചിട്ടുണ്ട്. ഓപ്പറേഷൻ സക്സസാകാൻ മോൻ അന്ത്യോഖ്യയിലെ ബാവായോട് പ്രാർത്ഥിക്കണം. ഓകെ. ബൈ."

# പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ

# മലങ്കരസഭയുടെ സൂര്യതേജസ്സ്



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഏഴാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റു. 2005 ഒക്ടോബർ 31–ാം തീയതി തിങ്കളാഴ്ച പരുമല പള്ളിയിൽ നടന്ന ഭക്തിനിർഭരമായ ശുശ്രൂഷകൾക്ക് സീനിയർ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ ബാലനായിരിക്കുമ്പോൾ തന്നെ സഭാസേവനത്തിന് വിളിച്ചത് തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. പത്തനാപുരം താബോർ ദയറായിലെ സന്യാസജീവിതവും പഠനവും ഉന്നതബിരുദങ്ങൾ നേടിയ ഉത്തമനായ ഒരു വൈദികശ്രേഷ്ഠനെ വളർത്തിയെടുക്കാൻ സഹായിച്ചു. തിരുവല്ല നെടുംമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും പുത്രനായി 1921 ഒക്ടോബർ 29–ാം തീയതി ജനിച്ച കാതോലിക്കാബാവാ എം. എ, ബി. റ്റി. ബിരുദങ്ങൾ നേടി പത്തനാപുരം ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, കോളജ് പ്രൊഫസർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് ശെമ്മാശുപട്ടവും വൈദികപട്ടവും ഏറ്റ അദ്ദേഹം 1965 ൽ മെയ് 16 ന് പരിശുദ്ധ ഔഗേൻ ബാവയിൽനിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. അതേവർഷം ഡിസംബർ 28ന് കോട്ടയത്ത് ചേർന്ന മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മേൽപട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ്, ഫീലിപ്പോസ് മാർ തെയോഫിലോസ് എന്നിവരോടൊപ്പം 1966 ഓഗസ്റ്റ് 24 ന് തോമസ് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

മലബാർ ഭദ്രാസനത്തിന്റെ ചുമതല 1968 ൽ ഏറ്റെടുത്ത അദ്ദേഹം ബഹുമുഖ സേവനപ്രവർത്തനങ്ങൾക്കിടയിൽ ഭദ്രാസനത്തിൽ കൂടുതൽ പള്ളികളും ആശ്രമങ്ങളും മറ്റും സ്ഥാപിച്ച് കുടിയേറ്റക്കാരുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിച്ചു. 1992 സെപ്റ്റംബർ 10 ന് പരുമലയിൽ ചേർന്ന മലങ്കര അസോസിയേഷൻ തോമസ് മാർ തീമോത്തിയോസിനെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായു ടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.

മലങ്കരസഭയുടെ സൂര്യതേജസ്സായ പ. പിതാവ് മലങ്കരസഭയെ സമാധാനത്തിലും ഐക്യത്തിലും വഴി നടത്തുമെന്നും ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് നയിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

# കോട്ടയം കുഞ്ഞച്ചന്മാരും കുട്ടിക്കുരങ്ങന്മാരും

**ചാണ്ടി ഏബ്രഹാം, പള്ളം**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് കുറേക്കാലമായി ദുർദ്ദശയാണ് കണ്ടുവരുന്നത്. ഇന്നും അതിനുകാതലായ മാറ്റമില്ലാതെ തുടരുന്നു. വട്ടിപ്പണക്കേസ് എന്ന പേരിൽ ഒരു ശതാബ്ദത്തിനു മുമ്പ് ആരംഭിച്ച വ്യവഹാരം പല കോടതികൾ കയറിയിറങ്ങി ഇപ്പോഴും പല പേരിലായി നിലനില്ക്കുന്നു. പല കോടതികളും പലപ്പോഴായി പലവിധികളും പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ വിവാദവിഷയം 'വട്ടിപ്പണ'ത്തിന്റെ അവകാശി ആരെന്നതായിരുന്നു. അതിനോട് അനുബന്ധിച്ച് ഒട്ടേറെ വിഷയങ്ങൾ വ്യവഹാരവിധേയമായി. കാതോലിക്കാ സ്ഥാപനത്തിന്റെ നിയമസാധുത, ആരാണ് യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ എന്ന വിഷയം, തോമ്മാശ്ലീഹായുടെ സഭാസ്ഥാപനം, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരപരിധി ഇവയെല്ലാം വ്യവഹാരത്തിനു വിധേയമായി. ഒടുവിൽ സുപ്രീംകോടതിയുടെ 1995 – ലെ വിധി എല്ലാത്തിനും വിരാമമിട്ടെന്നും, അത് അന്തിമ വിധിയാണെന്നും സഭാവിശ്വാസികൾ ധരിച്ചു. എന്നാൽ ആ വിധിയും നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. സുപ്രീം കോടതിവിധി മലങ്കര ഓർത്തഡോക്സ് സഭയ്ക്കാണ് അംഗീകാരം നൽകിയത്. വിധി ന്യായം അനുസരിച്ച് മലങ്കരസഭയുടേതായി ഓർത്തഡോക്സ് വിശ്വാസം പുലർത്തുന്ന എല്ലാ പള്ളികളും പൗരസ്ത്യ കാതോലിക്കേറ്റിന്റെ അധികാരപരിധിയിൽ വരേണ്ടതാണ്. എന്നാൽ പാത്രിയർക്കീസ് പക്ഷത്തു നിന്നിരുന്ന പ്രധാന പള്ളികൾ ഇപ്പോഴും ആ പക്ഷത്തു തന്നെ തുടരുന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവയുടെ കൈകാര്യകർത്തൃത്വത്തിനു ള്ള അവകാശം ഓർത്തഡോക്സ് സഭയിൽ നിക്ഷിപ്തമാക്കാൻ മാറി മാറി കേരളം ഭരിച്ച ഭരണാധികാരികൾക്ക് ഇന്നോളം കഴിഞ്ഞിട്ടില്ല. ഇപ്പോൾ കാതോലിക്കോസ് പക്ഷവും പാത്രിയർക്കീസ് പക്ഷവും ഏതാണ്ട് ആരം ഭിച്ചകാലത്തേതുപോലെ തന്നെ, വീറും വാശിയുമായി പരസ്പരം പുലഭ്യം പറഞ്ഞും, വെല്ലുവിളിച്ചും, പോരടിച്ചും കഴിയുന്നു. ഇതിനൊരു ശാശ്വത പരിഹാരം എന്നുണ്ടാകുമെന്ന് ഇന്നും ഒരു രൂപവുമില്ല.

ഇപ്രകാരമൊരു സാഹചര്യം നിലവിലിരി ക്കുമ്പോഴാണ് കോട്ടയം മുൻസിഫ് കോടതിയിൽ, സഭാംഗങ്ങളായ രണ്ടുപേർ ചേർന്ന് പുതിയൊരു വ്യവഹാരത്തിന് കളമൊരുക്കുന്നത്. നിയുക്ത കാതോലിക്കായായി കാലേകൂട്ടി നിർണ്ണയിച്ചിരുന്ന അഭി. മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാ രോഹണമാണ് അറിയപ്പെടാത്ത ഈ "സഭാസ്നേഹികളുടെ" സഭാസ്നേഹം പുറത്തുകൊണ്ടുവന്നത്. അവർക്കു വേണ്ടത് അടിമുടി വിപ്ലവകരങ്ങളായ മാറ്റങ്ങളാണ്!

പ: ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണം, നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കുക, ദിദിമോസ് പ്രഥമൻ ബാവാ മലങ്കരമെത്രാപ്പോലീത്തായും കാതോലിക്കായുമായി പ്രവർത്തിക്കുന്നത് ശാശ്വതമായി നിരോധിക്കുക, മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് ചുമതലകൾ നിർവ്വഹിക്കുന്നതിന് പരാധീനതകൾ ഉണ്ടെങ്കിൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് ആവശ്യപ്പെടുക എന്നീ കാര്യങ്ങൾക്കു വേണ്ടിയാണ് ഈ രണ്ടു അഭിനവസഭാ സ്നേഹികൾ കോടതിയെ സമീപിച്ചിരിക്കുന്നത്. പ. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ, സ്ഥാനമൊഴിഞ്ഞ പ. മാത്യൂസ് ദ്വിതീയൻ ബാവാ, സുന്നഹദോസ് സെക്രട്ടറി, വൈദിക അത്മായട്രസ്റ്റിമാർ, അസോസ്യേഷൻ സെക്രട്ടറി എന്നിവരെ ഒന്നു മുതൽ ആറുവരെ എതിർ കക്ഷികളാക്കിയാണ് കോടതി മുഖാന്തിരം നോട്ടീസ് അയച്ചിരിക്കുന്നത്.

പ. കാതോലിക്കാ ബാവായായിരുന്ന പരിശുദ്ധ മാത്യൂസ് ദ്വിതീയൻ തിരുമേനി അനാരോഗ്യംമൂലം സ്വയം സ്ഥാനം ത്യജിക്കുക ആയിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഒരു പിൻഗാമി ചുമതലയേറ്റെടുക്കേണ്ടി വരുമെന്നുള്ളത് തികച്ചും സ്വാഭാവികവും ആണല്ലോ? 1992 – ൽ പരുമലയിൽ നിയമാനുസൃതം കൂടിയ അസോസ്യേഷൻ യോഗം കാതോലിക്കാബാവായുടെ പിൻഗാമിയായി തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ആ തെരഞ്ഞെടുപ്പിനെതിരായി ഇതുവരെ ആക്ഷേപമൊന്നും ഇല്ലാതിരുന്ന രണ്ടു സഭാസ്നേഹികളാണ് അദ്ദേഹം കാതോലിക്കായായി വാഴിക്കപ്പെട്ടതിനു ശേഷം ആക്ഷേപവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്!

ശയ്യാവലംബിയായ കാതോലിക്കാബാവാ തന്നെ തലപ്പത്ത് ഇരിയ്ക്കണമെന്നാണ് സഭാസ്നേഹികളായ അവരുടെ അഭിപ്രായം. ഇനി ഏതെങ്കിലും കാരണവശാൽ അദ്ദേഹം അതിനു തയ്യാറാകുന്നില്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് ആവശ്യപ്പെടണമെന്നാണ് അവരുടെ പക്ഷം. എപ്പിസ്ക്കോപ്പൽ സുന്നഹദോസും മലങ്കര അസോസ്യേഷനും യഥാവിധി കൂടിച്ചേർന്നെടുത്ത തീരുമാനങ്ങൾക്കു വിധേയമായി യഥാകാലം തെരഞ്ഞെടുക്കപ്പെട്ട നിയുക്ത കാതോലിക്കയാണ് പുതിയതായി സ്ഥാനമേറ്റെടുക്കേണ്ടതെന്നും, അദ്ദേഹം തന്നെയാണ് പുതിയ സ്ഥാനത്ത് അവരോധിതനായതെന്നും, അദ്ദേഹം തന്നെയാണ് പുതിയ സ്ഥാനത്ത് അവരോധിതനായതെന്നും, അതെല്ലാം നടക്കേണ്ടതുപോലെ തന്നെയാണ് നടന്നിട്ടുള്ളതെന്നും അംഗീകരിക്കാൻ അവർ ബോധപൂർവ്വം വൈമുഖ്യം കാണിക്കുന്നു.

ജനാധിപത്യസമ്പ്രദായത്തിൽ ഇപ്രകാരം ചില കാര്യങ്ങളുണ്ട്. ആ വ്യവസ്ഥിതിയിൽ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാൻ ചിലപ്പോൾ സംഘടന കളോ വ്യക്തികളോ മുമ്പോട്ടു വരാറുണ്ട്. കോടതി യിൽ പൊതുതാല്പര്യഹർജി നൽകിയാണ് അവർ തങ്ങളുടെ ലക്ഷ്യങ്ങൾ നേടാറുള്ളത്. എന്നാൽ ഇതു പലപ്പോഴും സ്വന്തം പ്രതിഛായ വർദ്ധിപ്പിക്കാനും, മാധ്യമശ്രദ്ധ നേടാനുമുള്ള ഗൂഢതാല്പര്യം മുൻനിർത്തിയുള്ള ആത്മാർത്ഥതാ ശൂന്യമായ ഒരു അഭ്യാസം മാത്രമായി പരിണമിക്കാറുണ്ട്. ഹർജിക്കാരനുപോലും തന്റെ കേസ്സിനാസ്പദമായ വിഷയത്തിൽ താല്പര്യം ഉണ്ടായെന്നു വരികയില്ല. ആ മാതിരി സാഹചര്യത്തിൽ കോടതി ഹർജിക്കാർക്കെതിരേ ശക്തമായ ഭാഷയിൽ വിമർശനം നടത്തിയിട്ടുണ്ട്. "ശല്യക്കാരനായ വ്യവഹാരി" എന്നുവരെ ഇതുപോലുള്ള ഒരു പൊതുതാല്പര്യ ഹർജിക്കാരനെ കേരളാഹൈക്കോടതി വിശേഷിപ്പിക്കുകയും ഈ മാതിരി വ്യവഹാരങ്ങൾ കോടതി മുമ്പാകെ കൊണ്ടുവരുന്നതിന് അയാൾക്കു വിലക്കു കല്പിക്കുകയും ചെയ്ത ചരിത്രം ഈ നാട്ടിലുണ്ട്.

ഈ രണ്ടു സഭാസ്നേഹികൾ പ. കാതോലിക്കാ ബാവായ്ക്കും, മലങ്കരസഭയ്ക്കുമെതിരായി പയറ്റുന്നത് സ്വന്തം താല്പര്യപ്രകാരം മാത്രമാകണമെന്നില്ല. പുതിയ കാതോലിക്കാബാവാ സ്ഥാനമേറ്റെടുക്കുന്നതിനെതിരെ ഒളിഞ്ഞും തെളിഞ്ഞും പയറ്റിനോക്കിയ ചില "കോട്ടയം കുഞ്ഞച്ച"ന്മാരുണ്ട്. സഭയിൽ നടക്കുന്നതെല്ലാം തങ്ങളിൽ കൂടെയാകണമെന്നും, കുറഞ്ഞപക്ഷം തങ്ങളുടെ പൂർണ്ണ ഒത്താശയോടെ ആകണമെന്നും, അതല്ലാത്തതെല്ലാം തങ്ങൾ എതിർക്കുമെന്നും, സാധ്യമെങ്കിൽ തച്ചുടയ്ക്കുമെന്നും ഒക്കെയാണ് ഈ പുംഗവൻമാരുടെ ദുർവാശി.

"കുട്ടിക്കുരങ്ങനെക്കൊണ്ടു ചുടുചോറു വാരിക്കുന്ന" വലിയ കുരങ്ങന്മാരായിത്തന്നെ ഇവരെ കരുതാം. അപ്രകാരം ചുടുചോറു വാരാനിറങ്ങുന്നവരെ സാമ്പത്തികമായും മറ്റുവിധത്തിലുമെല്ലാം താങ്ങിനിർത്താൻ അവർ തയ്യാറാണ്. കാരണമുണ്ട്. ഇതവരുടെ മാന്യതയുടെ കാര്യമാണ്, അന്തസ്സോടെയുള്ള നിലനില്പിന്റെ വിഷയമാണ്. സമുദായത്തിൽ എന്തുനടന്നാലും അതു തങ്ങളിൽ കൂടെ ആകണം. തങ്ങളുടെ താല്പര്യാനുസരണം ആകണം. അല്ലാതുള്ളതെല്ലാം തങ്ങൾ വെട്ടിനിരത്തുകതന്നെ ചെയ്യും.

അന്തഃസ്സാരശൂന്യമായ ഈ മാതിരി ഓലപ്പാമ്പുകൾക്കു വഴങ്ങാതെ, അറിയപ്പെടാത്ത ഈ സഭാസ്നേഹികളെ നിയമാനുസരണം തന്നെ നേരിടുക. അത്ര തന്നെ! q

> "ജനങ്ങളുടെ മുന്നേറ്റശക്തിയാണ് വേണ്ടത്. ജനശക്തി വേണ്ട രീതിയിൽ സംഘടിപ്പിക്കണം. ജനാധിഷ്ഠിതമായ വലിയ മുന്നേറ്റത്തിനു സഹായിക്കുന്ന ശക്തി ഉയർന്നുവരണം. ഇരുട്ടു വർദ്ധിക്കുന്ന സമയം. ജനങ്ങൾ അക്ഷമരായി കഴിഞ്ഞു. സഹിക്കാൻ മേലാത്ത സ്ഥിതി വന്നാൽ ജനങ്ങൾ ഇളകും. ജനങ്ങൾ ഇളകണം. ഇതിനു കഴിയുന്ന ഒരു പുതിയ ബദൽശക്തി ആവശ്യമായിരിക്കുന്നു."
>
> **– പൗലോസ് മാർ ഗ്രിഗോറിയോസ്**

## മുഖലേഖനം

# പ്രണാമം

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി എന്ന പ്രസ്ഥാനത്തിന് ഒരു മുഖപത്രം വേണമെന്ന ആശയം സജീവ പ്രവർത്തകർക്കിടയിൽ ചർച്ച ചെയ്യപ്പെടുവാൻ തുടങ്ങിയിട്ട് പല കാലങ്ങളായി. സംഘടനയുടെ വളർച്ചയുടെ വേദനകൾക്കിടയിൽ ഇപ്പോഴാണ് അത് യാഥാർത്ഥ്യമായത്. ഞങ്ങളുടെ കരങ്ങളെ അതിന് പ്രാപ്തമാക്കിത്തന്ന സഭാനായകനായ ദൈവത്തെ ആദ്യമായി മഹത്വപ്പെടുത്തട്ടെ.

അൽമായവേദിയെ പലരും പല രീതിയിൽ വ്യാഖ്യാനിക്കുകയും നിർവചിക്കുകയും ചെയ്യാറുണ്ട്. പല ധാരണകളും തെറ്റിദ്ധാരണകളും നിലവിലുണ്ട്. യഥാർത്ഥ ചിത്രമെന്തെന്ന് ജനസമക്ഷം അവതരിപ്പിക്കയാണ് ഈ പ്രസിദ്ധീകരണത്തിന്റെ പ്രധാന ലക്ഷ്യം. അൽമായവേദിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുന്ന ലഘുലേഖ പ്രത്യേകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ കാര്യങ്ങൾ ഇവിടെ ആവർത്തിക്കുന്നില്ല. എങ്കിലും ചുരുക്കമായി അൽമായവേദി എന്തെന്ന് വിശദീകരിക്കേണ്ടത് അവശ്യമായി തോന്നുന്നു.

അൽമായക്കാരിൽ സഭാപരമായ എരിവും സഭാഗാത്രത്തോടുള്ള ബന്ധവും കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ഈ സ്ഥിതിക്ക് മാറ്റം വരണമെന്നാഗ്രഹിക്കുന്നവരുടെ കൂട്ടായ്മയാണ് അൽമായവേദി. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും സഭയിൽ പ്രവർത്തിച്ചിരുന്ന മലങ്കര മഹാജനസഭ എന്ന സംഘടനയാണ് ഞങ്ങളുടെ മാർഗ്ഗദീപം. ഇലഞ്ഞിക്കൽ ജോൺ വക്കീൽ, റാവു സാഹിബ് ഒ. എം. ചെറിയാൻ, കെ. സി. മാമ്മൻമാപ്പിള, എം. എ. ചാക്കോ മുതലായ മഹാരഥന്മാരായ അൽമായനേതാക്കൾ ജന്മം നൽകി ഊട്ടിവളർത്തിയ ആ പ്രസ്ഥാനം സഭയിൽ ഗുണപരമായ അനേകം മാറ്റങ്ങൾക്ക് പ്രേരകശക്തിയായി വർത്തിച്ചു. ചരിത്രത്തിന്റെ കുത്തൊഴുക്കിൽ ആ പ്രസ്ഥാനം പിൽക്കാലത്ത് ഇല്ലാതായത് സഭയ്ക്ക് സംഭവിച്ച ഒരു ദുരന്തമായി ഞങ്ങൾ കണക്കാക്കുന്നു. മുൻപ് പറഞ്ഞ മഹാരഥന്മാരുടെ പ്രാഗത്ഭ്യമോ വ്യക്തിമാഹാത്മ്യമോ ഇന്നത്തെ അൽമായവേദിയുടെ പ്രവർത്തകർ അവകാശപ്പെടുന്നില്ല. അവരുടെ ആയിരംകാതം അകലെ നിൽക്കുവാൻ അർഹതയുള്ളവർ സഭയുടെ നേതൃനിരയിൽ ഇല്ലെന്നും പറയാം. അവരിലുണ്ടായിരുന്ന സഭാപരമായ എരിവും സഭയ്ക്കുവേണ്ടി ത്യാഗം സഹിക്കുവാനുള്ള സന്നദ്ധതയും നിസ്വാർത്ഥതയും ഞങ്ങൾ ന്യായമായും അവകാശപ്പെടുന്നു. അതു മാത്രമാണ് ഞങ്ങളുടെ കൈമുതൽ.

സഭയും സഭയുടെ പ്രസ്ഥാനങ്ങളും സ്ഥാപനവൽക്കരിക്കപ്പെടുകയും സാധാരണ സഭാവിശ്വാസികൾ സഭയിൽ നിന്നും അന്യവൽക്കരിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും തൽഫലമായി നിസ്സംഗമാവുകയും ചെയ്യുന്നതാണ് സഭയുടെ ഇന്നത്തെ ശോച്യാവസ്ഥ. ഇതിന്റെ പാർശ്വഫലങ്ങളായി സഭയുടെ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ചില പ്രത്യേക താല്പര്യക്കാരുടെ കുത്തകാവകാശമായിത്തീരുകയും കെടുകാര്യസ്ഥത, സ്വജനപക്ഷപാതം, അഴിമതി എന്നിവയുടെ വിളഭൂമിയായി തീരുകയും ചെയ്തിരിക്കുന്നു. അജപാലനരംഗത്തെ പരാജയം വിശ്വാസികൾ വൻതോതിൽ മറ്റു സഭകളിലേക്കും പ്രസ്ഥാനങ്ങളിലേക്കും കൂട്ടത്തോടെ ഒഴിഞ്ഞുപോകുവാൻ ഇടയാക്കുന്നു. യഥാർത്ഥ കാരണങ്ങളന്വേഷിക്കുകയും അവയ്ക്ക് പരിഹാരം കാണുവാൻ ശ്രമിക്കയും ചെയ്യുന്നതിന് പകരം സസ്പെൻഷൻ, മുടക്ക് മുതലായ നടപടികളുമായി വൈദികനേതൃത്വം രംഗത്ത് വരുന്നു. ഈ നടപടികൾ പ്രശ്നം പരിഹരിക്കയല്ല, കൂടുതൽ വഷളാക്കുകയാണ് ചെയ്യുന്നത്. അജഗണങ്ങൾ ആല വിട്ടുപോയതിനുശേഷം ആലയുടെ വാതിൽ ബന്ധിക്കുന്ന മൗഢ്യം എന്തുകൊണ്ട് മനസ്സിലാക്കേണ്ടവർ മനസ്സിലാക്കുന്നില്ല? എന്തുകൊണ്ട് ഇടയന്മാർ തങ്ങളുടെ ആടുകളുടെയിടയിലേക്കു ഇറങ്ങി ചെല്ലുവാനും അവരുടെ വിഷമഘട്ടങ്ങളിൽ സാന്ത്വനമരുളുവാനും വിശ്വാസപരമായ ചാഞ്ചല്യങ്ങളിൽ സംശയനിവൃത്തി വരുത്തി സത്യവിശ്വാസത്തിൽ ഉറപ്പിച്ച് നിർത്തുവാനും ശ്രമിക്കുന്നില്ല? സ്ഥാപനങ്ങൾ നൽകുന്ന സാമ്പത്തിക സുരക്ഷിതത്വം ആസ്വദിക്കുന്നതോടൊപ്പം ജനത്തിന്റെ സുഖദുഃഖങ്ങളിൽ പങ്കുചേരുകയും ഒരേ അപ്പത്തിന്റെ അംശികളായ അജഗണത്തെ സത്യവിശ്വാസത്തിന്റെ പച്ചയായ മേച്ചിൽപുറങ്ങളിലും സഭാജീവിതത്തിന്റെ സ്വസ്ഥതയാർന്ന വെള്ളത്തിനരികത്തേക്കും വഴി കാണിക്കേണ്ടവരല്ലേ അവർ? മെത്രാപ്പോലീത്താമാരുടെ സൽപുസ്തകത്തേക്കാളേറെ നസ്രായന്റെ ജീവന്റെ ഗ്രന്ഥത്തിൽ പേരു വരുന്നത് അഭികാമ്യമെന്ന നല്ലപാഠം സെമിനാരികളിൽ പഠിപ്പിക്കുന്നില്ലേ?

ഒരു ഭദ്രാസനത്തിൽ നിന്നു മറ്റൊരു ഭദ്രാസനത്തിലേക്കു മാറുന്നത് പാരമ്പര്യ ലംഘനമാകുമെന്ന് പ്രബോധിപ്പിക്കുന്ന ഇടയന്മാർ മാസത്തിലോ വർഷത്തിലോ എത്ര ദിവസം സ്വന്തം ഭദ്രാസനത്തിൽ ചിലവഴിക്കുന്നു എന്ന് ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. അമേരിക്കയിലോ, ഗൾഫിലോ എപ്പിസ്കോപ്പൽ സുന്നഹദോസിലെ ഭൂരിപക്ഷം അംഗങ്ങളും കാണപ്പെടുന്നത് കഷ്ടാനുഭവവാരത്തിലോ ക്രിസ്തുമസ്സിനോ പുതുവത്സരത്തിനോ മാത്രമല്ല. വിദേശത്തെ സഭാമക്കൾക്കും എപ്പിസ്കോപ്പൽ ശുശ്രൂഷയുടെ സൽഫലങ്ങൾക്ക് അവകാശമുണ്ടെന്നത് സത്യം തന്നെ. ഇരുട്ടുകാനത്തേയും കട്ടപ്പനയിലേയും മട്ടന്നൂരിലേയും സുളൂർപേട്ടയിലേയും ഓർത്തഡോക്സുകാരേയും സന്ദർശിക്കുവാൻ മേല്പട്ടക്കാർ വേണ്ടേ? ലളിത ജീവിതം നയിക്കുവാൻ ജനത്തെ പ്രബോധിപ്പിക്കുന്ന വലിയ ഇടയന്മാർ മാർക്കറ്റിലുള്ള ഏറ്റവും വില കൂടിയ കാറിലാണ് വന്നതെന്നും താമസം പഞ്ചനക്ഷത്രഹോട്ടലിലാണെന്നും കാണുന്ന ജനം ആ പ്രബോധനത്തെ എങ്ങനെ വില കല്പിക്കും? എ. സി. കാറിന്റെ ചില്ലുകളല്പം താഴ്ത്തി നോക്കുന്നതു പോലും ചില നവാഭിഷിക്ത ഇടയന്മാർക്ക് ബുദ്ധിമുട്ടാണല്ലോ. മേല്പറഞ്ഞ ചോദ്യങ്ങളുന്നയിക്കേണ്ട തിരഞ്ഞെടുക്കപ്പെട്ട അൽമായനേതാക്കൾ ഒഴുക്കിനൊപ്പം നീന്തുകയും അതിലൂടെ വ്യക്തിപരമായ അജൻഡകൾ നടപ്പാക്കുവാനും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നു. കാര്യങ്ങൾ ശക്തമായും വ്യക്തമായും അവതരിപ്പിക്കുന്നവരെ ബഹളക്കാരെന്നും അച്ചടക്കമില്ലാത്തവരെന്നും മുദ്രകുത്തി വേർതിരിക്കുന്നത് മേല്പട്ടക്കാർ മാത്രമല്ല, സ്വാർത്ഥപരമായ അജൻഡയുമായി വരുന്ന സഹഅയ്മേനികളുമാണ്.

കാട്ടത്തിപ്പഴം പെറുക്കുന്നവനായ ആമോസിനെയും, വഞ്ചിയും വലയുമുപേക്ഷിച്ച് തല ചായ്ക്കാനിടമില്ലാത്തവനോടൊപ്പം കുരിശിന്റെ വഴിയിലേക്കിറങ്ങിയ മുക്കുവന്മാരേയും പ്രചോദന ബിന്ദുക്കളായി കരുതുന്നവരുടെ സംഗമമാണ് അൽമായവേദി. പ്രശസ്തരും പ്രഗല്ഭരുമായവർ ഏറ്റെടുക്കേണ്ടിയിരുന്ന ഒരു വലിയ ദൗത്യം ബലഹീനന്മാരും പാപികളുമായ ഞങ്ങൾ ഏറ്റെടുക്കുന്നു. യേശുനാഥന്റെ കുരിശു താങ്ങുവാനുള്ള നിയോഗം ലഭിച്ച കുറേന്യക്കാരനായ ശീമോനെപ്പോലെ നേടാനൊന്നുമില്ലാത്തതും നഷ്ടപ്പെടുവാൻ പലതുമുള്ളതുമായ ഒരു ദൗത്യത്തിന് ഇറങ്ങിത്തിരിച്ചവർ – അൽമായവേദി പ്രവർത്തകർ ഇങ്ങനെയൊക്കെയാണ്. വാക്കുകൾ പരുഷമായെങ്കിൽ ഉദ്ദേശ്യശുദ്ധിയെ മാനിച്ച് മാപ്പു നൽകിയാലും...

**സെക്രട്ടറി എഴുതുന്നു**

# യുഗസംക്രമത്തിന്റെ ദിവ്യ മുഹൂർത്തത്തിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ മറ്റൊരു യുഗസംക്രമത്തിന്റെ ദിവ്യ മുഹൂർത്തത്തിൽ "അൽമായവേദി" മാസികയുടെ പ്രഥമ ലക്കം പ്രസിദ്ധപ്പെടുത്തുന്നത് ആകസ്മികത എന്നല്ല, ദൈവനിയോഗം എന്നു വിശേഷിപ്പിക്കാനാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നത്. സഭയുടെ പരമാദ്ധ്യക്ഷ സ്ഥാനത്ത് മാറ്റമുണ്ടാകുമ്പോൾ സഭയുടെ ഊന്നലുകൾക്കും ദിശാബോധത്തിനും മുൻ ഗണനകൾക്കും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് – ഉണ്ടാകുകയും വേണം. സഭ ഇന്നായിരിക്കുന്ന അവസ്ഥയിൽ change or perish എന്ന ലളിതമായ സമസ്യയിൽ നിന്ന് ഒളിച്ചോടാനാവില്ല.

കഴിഞ്ഞ പത്തു പതിനഞ്ചു വർഷങ്ങൾ സഭയുടെ ചരിത്രത്തിൽ വിസ്മരിക്കപ്പെടേണ്ട സംവത്സരങ്ങൾ എന്നോ ഇരുണ്ട കാലഘട്ടം എന്നോ വിശേഷിപ്പിക്കുന്നത് ആരെയെങ്കിലും വേദനിപ്പിക്കുവാനല്ല. ചരിത്രത്തിന്റെ വിലയിരുത്തലുകൾ മുഖം നോക്കാതെയും നിർഭയവും വസ്തുതാപരവുമായില്ലെങ്കിൽ അതിന്റെ പേര് വിലയിരുത്തൽ എന്നല്ല, വൈതാളിക പ്രസ്താവം എന്നാവും. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ ദശകം അതിവേഗത്തിലുള്ള മാറ്റങ്ങൾ ലോകത്തെമ്പാടും സംഭവിച്ചിരുന്ന ഒരു കാലഘട്ടമാണ്. സാറ്റലൈറ്റ് ടെലിവിഷൻ, ഇന്റർനെറ്റ്, മാർക്കറ്റ് എക്കണോമിയുടെ തള്ളിക്കയറ്റം, സമൂഹത്തിലെ വ്യക്തിയുടെ ഒറ്റപ്പെടൽ, "യോഗ്യമായതു മാത്രം ശേഷിക്കും" എന്ന തത്വത്തിന്റെ സാർവ്വത്രിക സ്വീകാര്യത ഇവയെല്ലാം മനുഷ്യജീവിതത്തെ അടിമുടി മാറ്റിമറിച്ചു. ഈ മാറ്റങ്ങൾക്കനുസൃതമായി സഭയുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുവാനോ മുൻഗണനാക്രമങ്ങൾ തിരുത്തിയെഴുതുവാനോ അങ്ങനെയെന്തെങ്കിലുമാവശ്യമാണോ എന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കുകയോ പോലും ചെയ്യാതിരുന്നതാണ് ഈ കാലഘട്ടത്തിന്റെ പരാജയം.

1977-ൽ ആനന്ദവികടൻ എന്ന തമിഴ് വാരികയിൽ വന്ന ഒരു കാർട്ടൂൺ ഓർത്തുപോകുന്നു. ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടി തെരഞ്ഞെടുപ്പിൽ ദാരുണമായ പരാജയമേറ്റു വാങ്ങിയതിനെ തുടർന്ന് അന്നത്തെ പാർട്ടി പ്രസിഡന്റ് ഡി. കെ. ബറുവ രാജിവയ്ക്കുകയും പുതിയ പ്രസിഡന്റായി സ്വരൺസിംഗ് ചുമതലയേൽക്കുകയും ചെയ്യുന്നതിനെ പരാമർശിക്കുന്നതായിരുന്നു ആ കാർട്ടൂൺ. കോൺഗ്രസ്സ് എന്ന വണ്ടി തെരഞ്ഞെടുപ്പ് എന്ന വൻ മരത്തിൽ ഇടിച്ച് തകർന്ന് ഛിന്നഭിന്നമായി കിടക്കുന്നതിനു നടുവിൽ വണ്ടിയുടെ സ്റ്റിയറിംഗ് മാത്രം കയ്യിലേന്തിയ ബറുവ, അത് സ്വരൺ സിംഗിന് കൈമാറുന്നത് "നിങ്ക ഓട്ടീടുങ്കോസർ" എന്ന വാക്കുകളോടെയാണ്. ചില ഭേദഗതികളോടെ ആ കാർട്ടൂൺ സഭയുടെ ഇന്നത്തെ സ്ഥിതിഗതികളെക്കുറിച്ച് മാറ്റി വരയ്ക്കാവുന്നതാണ്.

ഏതൊരു ഭരണാധികാരിയും താൻ നയിക്കുന്ന പ്രസ്ഥാനത്തെ എവിടെനിന്ന് എവിടേക്ക് നയിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ വേണം വിലയിരുത്തപ്പെടുവാൻ. നേതാവിന്റെ വ്യക്തിവൈശിഷ്ട്യമോ സമൂഹത്തിലുള്ള സ്വീകാര്യതയോ പ്രസ്ഥാനത്തിന് പ്രയോജനപ്പെടുന്നില്ലെങ്കിൽ അവയെല്ലാം ആടിന്റെ കിങ്ങിണി പോലെ മാത്രം പ്രയോഗക്ഷമതയുള്ളതാണ്. സ്ഥാനമൊഴിഞ്ഞ് വിശ്രമജീവിതം നയിക്കുന്ന ബാവാ തിരുമേനിയെ വിമർശിക്കുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം. വ്യക്തി എന്ന നിലയിൽ അനേകം നന്മകളുടെ വിളനിലമായ തിരുമനസ്സിനോട് നിസ്സീമമായ ബഹുമാനവും ഭക്തിയും ആദരവുമുള്ളപ്പോൾ തന്നെ അൽമായവേദിയുടെ പ്രവർത്തകർ വിമർശിക്കേണ്ട സന്ദർഭത്തിൽ വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. തൃക്കുന്നത്തുസെമിനാരി പ്രശ്നത്തിൽ പ. പിതാവ് എടുത്ത നടപടികൾക്ക് കലവറയില്ലാത്ത പിന്തുണ നൽകുവാനും ആകുന്ന എല്ലാ രീതിയിലും സഹായഹസ്തം നീട്ടുവാനും വേദി മടിച്ചുനിന്നിട്ടില്ല. പ. പിതാവിന്റെ സ്തുതിപാഠകരിൽ പലരും പിന്നിൽ നിന്ന് കുത്തുവാൻ പഴുതന്വേഷിച്ചിരുന്ന കാലഘട്ടമായിരുന്നു അത് എന്നും ഓർക്കുക.

സഭയുടെ രൂക്ഷമായ പ്രതിസന്ധി ഘട്ടങ്ങളിൽ ഒട്ടകപ്പക്ഷിയെപ്പോലെ മുഖം മണ്ണിൽ പൂഴ്ത്തിയിരുന്ന മഹാന്മാർ ഭരണമാറ്റമുണ്ടായിക്കഴിഞ്ഞപ്പോൾ പലതും തുറന്നു പറയുവാനുള്ള ധൈര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്. പക്ഷേ അൽമായവേദി അന്നും ഇന്നും സഭയുടെ താല്പര്യങ്ങളുടെ പക്ഷത്ത് മാത്രം ഉറച്ചു നിൽക്കുന്ന പ്രസ്ഥാനമാണ്. എന്നും അങ്ങനെ ആയിരിക്കുകയും ചെയ്യും. പ. ദിദിമോസ് പ്രഥമൻ ബാവായിൽ ഒരു യഥാർത്ഥ മഹിതാചാര്യനെ ഞങ്ങൾ ദർശിക്കുന്നു. സ്ഥാനാരോഹണത്തിനു മുൻപും പിൻപും അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തിയിലും തെളിഞ്ഞുകാണുന്ന ഉദ്ദേശ്യശുദ്ധിയും ആർജ്ജവത്തവും ഇന്ന് സഭയെ വലയം ചെയ്തിരിക്കുന്ന അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കു നയിക്കുമെന്നു ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

പുതിയ വലിയ ഇടയന്റെ മുന്നിലുള്ള വെല്ലുവിളികളെ ആർക്കും കുറച്ചു കാണുവാനാവില്ല. സഭയുടെ വിശ്വാസ്യത യും രൂപഭദ്രതയും വീണ്ടെടുക്കുക എന്നതാ ണ് ഒന്നാമത്തെ വെല്ലുവിളി. സഭ തന്റേതു കൂടിയാണ് എന്ന് ശരാശരി വിശ്വാസിയ്ക്ക് ബോധ്യം ഉണ്ടാകുന്നതിലാണ് സഭയുടെ ശക്തി. കല്ലുകൊണ്ടും മരംകൊണ്ടും നിർമ്മിക്കുന്ന സ്ഥാപനങ്ങൾ സഭയുടെ പുരോഗതിയുടെ അളവുകോലായി കാണുന്ന മൂല്യബോധം ഇന്ന് സഭയെ ഒരു കൊമേഴ്സിയൽ എസ്റ്റാബ്ലിഷ്മെന്റായി തരം താഴ്ത്തിയിരിക്കുന്നു.

കയ്യകലപ്പാടകലെ നിർത്തപ്പെടേണ്ടവനും ഒഴിവാക്കപ്പെടേണ്ട ശല്യക്കാരനുമായി വിശ്വാസിയെ കണക്കാക്കുമ്പോൾ അവനെ സ്വാഗതം ചെയ്യുകയും സാന്ത്വനമരുളുകയും ചെയ്യുന്ന പ്രസ്ഥാനങ്ങളിലേക്ക് അവൻ വഴുതിപ്പോകുന്നു. ജനത്തിന്റെ ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളിൽ ഫലപ്രദമായി സംവേദിക്കാതെ അവനെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാനോ അവനിൽ ദൈവവചനം എത്തിക്കുവാനോ സാധിക്കയില്ലെന്നുള്ള ലളിതമായ പാഠം സഭയുടെ നേതൃസ്ഥാനികളെ പഠിപ്പിക്കുക എന്നത് ഏറ്റം വലിയ വെല്ലുവിളിയായിരിക്കും സഭയുടെ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും കയ്യടക്കി വച്ചുകൊണ്ട് അവയെല്ലാം ഫ്യൂഡൽ പ്രഭുക്കന്മാരെപ്പോലെ മേലധികാരത്തിന് വഴങ്ങാതെയും താഴെയുള്ളവരെ തൊഴിച്ചകറ്റിയും വാഴുന്ന പരസ്പര സഹായ സഹകരണ സംഘത്തിൽ മേൽപ്പട്ടക്കാരും പട്ടക്കാരും അയ്മേനികളുമുണ്ടെന്നത് കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു. സാമ്പത്തിക സുതാര്യത എന്നത് പ്രസംഗപീഠങ്ങളിൽ മാത്രം കേൾക്കപ്പെടുന്ന വാക്കാകാതെ പ്രയോഗക്ഷമമാക്കുക എന്നത് മറ്റൊരു വെല്ലുവിളി. യുവതലമുറക്ക് സ്വീകാര്യമാകുന്നതും അവരിൽ വിശ്വാസതീഷ്ണത ഉളവാക്കുവാനും ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്കു പകരം റിയൽ എസ്റ്റേറ്റ് ബിസിനസ്സ് പോലെ സാമ്പത്തിക ലാഭം ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് സമയവും ഊർജ്ജവും പാഴാക്കുന്ന തെറ്റായ മുൻഗണനാക്രമങ്ങൾ പൊളിച്ചെഴുതുക എന്നത് മറ്റൊന്ന്. ഇങ്ങനെ അനേകം വെല്ലുവിളികൾ പുതിയ വലിയ ഇടയനെ കാത്തു നിൽക്കുന്നുണ്ട്.

സഭയുടെ പ്രതിസന്ധികളിൽ സഭാനാഥൻ എന്നും പ്രഗത്ഭരായ സാരഥികളെ എഴുന്നേല്പിച്ചിട്ടുണ്ട്. ഇന്നത്തെ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുന്ന പ. ദിദിമോസ് പ്രഥമൻ ബാവാ രണ്ടാം സഭാ ഭാസുരനാകട്ടെ എന്ന് ആശംസിക്കുന്നു. സഭാഗാത്രത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന ദുഷിപ്പുകളെ ആവശ്യമെങ്കിൽ സർജറി വഴി നീക്കം ചെയ്ത് സഭയുടെ ആരോഗ്യം വീണ്ടെടുക്കുവാനുള്ള ചികിത്സാവിധികൾ പരിശുദ്ധാത്മാവ് അവിടുത്തേക്ക് നൽകട്ടെ. മലങ്കരസഭയുടെ ഒന്നാം ഭാസുരനായ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം അണിനിരന്ന ആവേശത്തോടും നിസ്വാർത്ഥതയോടും കൂടി പ. ദിദിമോസ് പ്രഥമൻ ബാവായുടെ പിന്നിലും അൽമായക്കാർ ഒന്നടങ്കം അണിനിരക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യട്ടെ.

# ഓർത്തഡോക്സ് സഭ എങ്ങോട്ട്?

**തോമസ് കോച്ചേരി**

മലങ്കര ക്രിസ്ത്യാനികൾ മാർത്തോമ്മാശ്ലീഹായുടെ പൈതൃകവും പിൻതുടർച്ചയും അവകാശപ്പെട്ടുകൊണ്ട് പല വിഭാഗങ്ങളായി തിരിഞ്ഞ് ക്രൈസ്തവദൗത്യം നിർവഹിക്കുകയാണല്ലോ. ഓരോ ക്രിസ്തീയ സമൂഹത്തിന്റെയും പ്രവർത്തനശൈലികളും കാഴ്ചപ്പാടുകളും അടിസ്ഥാനപ്പെടുത്തി അവരുടെ സഭാപ്രവർത്തനങ്ങളെ വിലയിരുത്തിയാൽ പല സഭകളുടെയും അന്തഃസ്സാരശൂന്യത മനസ്സിലാക്കാൻ വലിയ വൈദഗ്ദ്ധ്യം ഒന്നും ആവശ്യമില്ല. സഭയെ എന്നല്ല ഏതൊരു പ്രസ്ഥാനത്തെയും വിലയിരുത്തുമ്പോൾ അതിന്റെ പിൽക്കാല ചരിത്രങ്ങളും പിന്നിട്ട വഴികളും വളരെ കരുതലോടെ പഠിക്കേണ്ടതാണ്. മലങ്കര ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവരായി ജീവിച്ച ഒരു ജനത ക്രിസ്തീയവിശ്വാസത്തിന്റെ ആഴത്തിലുള്ള മൂല്യങ്ങളിൽ ആകൃഷ്ടരായി ക്രിസ്തുമതാനുയായികളായവരുടെ പിൻതുടർച്ചക്കാരാണ്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് പ്രലോഭിപ്പിച്ചും ബലം പ്രയോഗിച്ചും ക്രിസ്തുമതം മലയാളക്കരയിൽ സ്ഥാപിച്ചു എന്ന് വിശ്വസിക്കാൻ ന്യായം കാണുന്നില്ല. ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ മതപീഡനത്തിനും, ക്രൂരതയ്ക്കും വിധേയമായ കാലഘട്ടത്തിൽ മലങ്കര നസ്രാണികൾ മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതീകങ്ങളായി പ്രശോഭിക്കുന്നതായി ചരിത്രത്തിന്റെ ഏടുകളിൽനിന്നും മനസ്സിലാക്കാം. ക്രിസ്ത്യാനികളുടെ ജീവിതരീതി, സത്യസന്ധത, കൂട്ടായ്മ, പരസ്പരസഹായസന്നദ്ധത സ്നേഹാധിഷ്ഠിതമായ പ്രവർത്തനശൈലി മുതലായ വിലമതിക്കാനാവാത്ത മൂല്യങ്ങൾ മറ്റ് മതവിശ്വാസികളെ നമ്മിലേക്ക് ആകർഷിച്ചു എന്നത് ചരിത്രം ഉൽഘോഷിക്കുന്ന ഒരു വസ്തുതയാണ്.

അങ്ങനെ വളർന്ന് വളർന്ന് വലുതായ മലങ്കരസഭയിൽനിന്ന് പലരും കൊഴിഞ്ഞതും മാറിയതും അടിസ്ഥാനപരമായി വിശ്വാസപരമായിരുന്നില്ല. പിന്നെയോ അധികാരത്തിനുവേണ്ടിയും, സ്ഥാനമാനങ്ങൾക്കു വേണ്ടിയും സാമ്പത്തികലാഭത്തിനു വേണ്ടിയും ആയിരുന്നു എന്ന് കാണാവുന്നതാണ്. വേർപിരിഞ്ഞുപോയ സഭകളുടെ നിലനിൽപ്പിനു വേണ്ടി സമാധാനത്തിന്റെയും ശാന്തിയുടെയും മാർഗ്ഗദർശികളായി മാതൃക കാണിയ്ക്കേണ്ട ആചാര്യന്മാരും അവരുടെ അനുയായികളും കുതികാൽവെട്ടും വഞ്ചനയും കള്ളക്കേസും കള്ളസാക്ഷിത്വവും സഭാപ്രവർത്തനത്തിന്റെ ഭാഗങ്ങളാക്കിത്തീർത്തു. കാതലായ വിശ്വാസാചാരങ്ങളിൽ വിഷം കുത്തിവച്ചും തെറ്റുകൾക്കും ശരികൾക്കും കപടനിർവചനങ്ങൾ നൽകി ക്രിസ്തുവിനെയും ക്രിസ്തീയ മൂല്യങ്ങളെയും മറ്റുള്ളവരുടെ മുമ്പിൽ അവഹേളിതമാക്കി. നേർവഴി നടത്തേണ്ട ഇടയന്മാർ ചിതറിപ്പോകുന്നത് കുഞ്ഞാടുകൾ വേദനയോടെ നോക്കി നിൽക്കേണ്ടിവന്നു. തൽഫലമായി ക്രിസ്തീയ സമൂഹത്തിലുണ്ടായ മൂല്യശോഷണം ജനങ്ങളുടെ ജീവിതശൈലിയെ തന്നെ ബാധിച്ചു എന്നുപറയുന്നതിൽ തെറ്റില്ല. ക്രിസ്തുമതത്തിന്റെ തന്നെ അടിസ്ഥാനശിലകൾ തെറിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമണ്ഡലത്തിലാണിന്നിവർ.

സഭയിലെ അൽമായക്കാർ അവരുടെ അവകാശങ്ങളെക്കുറിച്ചും അധികാരങ്ങളെക്കുറിച്ചും ബോധവാന്മാരാകുകയും കർത്തവ്യങ്ങൾ നിറവേറ്റാൻ ശക്തരാവുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിയ്ക്കുന്നു. സഭാപ്രവർത്തനങ്ങളുടെ മുഖ്യധാരയിൽ നിന്നും ബോധപൂർവ്വമായ ഒഴിവാക്കലിനെതിരെ പ്രതികരിക്കാൻ അൽമായക്കാർ സന്നദ്ധരാകണം. സഭയുടെ ഭരണരംഗത്തെ കെടുകാര്യസ്ഥതയും, മൂല്യശോഷണവും സഭയെ കാര്യമായി പിടിച്ചുലച്ചിരിക്കുകയാണ്. അൽമായരുടെ നിഷ്ക്രിയത്വവും നിസ്സംഗതയും അടിമത്വമനോഭാവവും സഭയെ ഒരു വൻനാശത്തിലേക്കാണ് നയിക്കുന്നത്. ഇത്തരുണത്തിൽ അൽമായവേദി പോലുള്ള സംഘടനകളുടെ പ്രവർത്തനം ചെറുതെങ്കിലും ഒരു നവോത്ഥാനത്തിന്റെ പ്രകാശരശ്മികളാണെന്ന് ഉറപ്പിക്കാം.

കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി പ്രവർത്തനശേഷിയും പ്രതികരണശേഷിയും നഷ്ടപ്പെട്ട് നിർജീവമായി കഴിയുന്ന സഭാനേതൃത്വം ദിശാബോധം നഷ്ടപ്പെട്ട് നട്ടം തിരിയുന്ന പതനത്തിലെത്തിയിരിക്കുകയാണ്. ശക്തമായ നേതൃത്വത്തിന്റെ അഭാവത്തിൽ മുഖസ്തുതിക്കാരായ പാർശ്വവർത്തികളും ഏറാൻമൂളികളും സ്വാർത്ഥമതികളും മുതലെടുപ്പ് നടത്തുകയാണ്. ക്രിസ്തീയ തത്വത്തിൽ ഉറച്ച് വിശ്വസിച്ച് ദീർഘവീക്ഷണത്തോടെ ഭാവിപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിവുള്ള അൽമായരുൾപ്പെട്ട ശക്തമായ ഒരു നേതൃത്വം സഭയിൽ ഉണ്ടാകേണ്ടത് അടിയന്തരപ്രാധാന്യം അർഹിക്കുന്ന സംഗതിയാണ്. മറ്റ് സഭകളും സമുദായങ്ങളും മത്സരബുദ്ധിയോടെ കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സഭയിലെ അൽമായർ നിഷ്ക്രിയരായി നോക്കിനിൽക്കുന്നത് അപകടകരമാണ്. അതിവേഗം പുരോഗതിയിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിന്റെ സാമൂഹിക - സാമ്പത്തിക - സാംസ്കാരിക രംഗങ്ങളിൽ നിന്ന് നമ്മുടെ സഭ പിൻതള്ളപ്പെട്ടുപോകുന്ന ഈ അവസ്ഥയിൽ സഭാംഗങ്ങൾ കൈയും കെട്ടി നോക്കിനിൽക്കാതെ സഭയുടെ ദൈനംദിനപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരണം. ധീരമായി സഭയെ നയിക്കുന്ന ശക്തനായ മലങ്കര മെത്രാപ്പോലീത്തായെയാണ് നമുക്കിന്നാവശ്യം. പ. ദിദിമോസ് ബാവാ തിരുമേനിയിൽ അത്തരമൊരു മലങ്കര മെത്രാപ്പോലീത്തായെ ജനം പ്രതീക്ഷിയ്ക്കുന്നു.

ഓർത്തഡോക്സ് സഭയിലെ ഭദ്രാസനങ്ങളെല്ലാംതന്നെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് സ്വന്തം സാമ്രാജ്യം സ്ഥാപിച്ച നിലയിലാണിന്ന്. ഇതിനൊരു മാറ്റം വന്നേ മതിയാകൂ. അപക്വമായ തീരുമാനങ്ങളും വികലമായ ഭരണതന്ത്രവും അവിഹിതമായ സാമ്പത്തിക നടപടികളും മൂലം ഭദ്രാസനങ്ങളുടെ ഭരണം ആകെ താറുമാറായിരിക്കുകയാണ്. പ. സുന്നഹദോസ് തീരുമാനങ്ങൾ പോലും കാറ്റിൽ പറത്തി സ്വേച്ഛാധിപത്യഭരണം നടത്തുന്ന മെത്രാപ്പോലീത്താമാർക്ക് നിയന്ത്രണം ഏർപ്പെടുത്തിയേ മതിയാകൂ. അതിന് ആദ്യമായി നടപ്പാക്കേണ്ടത് മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റമാണ്. ദയറാവാസികളാകേണ്ട റമ്പാന്മാരെ ഭദ്രാസനാധിപന്മാരായി നിയമിക്കുമ്പോൾ അവരുടെ കഴിവുകൾ പരിശോധിക്കേണ്ടതാണ്. സഭയേയും കുഞ്ഞാടുകളെയും നേർവഴി നടത്തേണ്ട അജപാലകർ പണത്തിനും പ്രതാപത്തിനും മുൻതൂക്കം കൊടുക്കുന്ന പ്രവർത്തനം നടത്തുമ്പോൾ രാഷ്ട്രീയക്കാരും ചൂതാട്ടക്കാരും എത്രയോ ഭേദം എന്ന് തോന്നിപ്പോകും. ഭരണപരമായ കഴിവുകൾ കാണിക്കാത്ത മെത്രാപ്പോലീത്താമാരെ നിർബന്ധമായും ഭദ്രാസനഭരണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. അവർ സഭയ്ക്കു വേണ്ടി സമർപ്പിതരായതുകൊണ്ട് വ്യക്തിപരമായ ധനസമ്പാദനം അവർക്ക് അനുവദിച്ചുകൂടാ. മാന്യമായ വിശ്രമജീവിതസൗകര്യങ്ങൾ അവർക്ക് ലഭിക്കാൻ ഏർപ്പാടാക്കേണ്ടതാണ്. അതുപോലെ സഭാഭരണകേന്ദ്രങ്ങളിൽ യോഗ്യതയുള്ള പ്രൊഫഷണൽ മാനേജ്മെന്റുകളുടെ സേവനം ലഭിക്കാൻ തക്ക നടപടികൾ നടത്തണം. പുറംവാതിലിൽകൂടി അവിഹിതമായി ഇടിച്ചുകയറി വിവിധ തസ്തികകളിൽ വിരാജിക്കുന്ന പെൻഷൻകാർ ഇന്ന് സഭയ്ക്ക് ഒരു ഭാരമായിത്തീർന്നിട്ടുണ്ട്. അങ്ങനെയുള്ള ശിങ്കിടികളെ ഉടൻ പിരിച്ചുവിട്ട് സഭയോട് കൂറും ആത്മാർത്ഥതയുമുള്ള യോഗ്യരായ ചെറുപ്പക്കാരെ നിയമിക്കണം.

സഭയുടെ ഭരണഘടനയുടെയും 1995-ലെ കോടതിവിധിയുടെയും അടിസ്ഥാനത്തിൽ ഇടവകയും സ്വത്തുക്കളും കൈകാര്യം ചെയ്യേണ്ടതാണ്. പട്ടക്കാരുടെ സഭാപ്രവർത്തനം പള്ളിപണിക്കും പണപിരിവിനും മാത്രമായി തരംതാണിരിക്കുകയാണ്. സമർപ്പണബോധവും, സേവനതല്പരതയും, സഭയോടും സഭാംഗങ്ങളോടും പ്രതിബദ്ധതയുമുള്ള പട്ടക്കാരുടെ സംഖ്യ വളരെ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തിന് പട്ടക്കാരെ മാത്രം കുറ്റംപറഞ്ഞിട്ടു കാര്യമില്ല. മേൽപട്ടക്കാരിൽ നിന്നാണല്ലോ കീഴ്പട്ടക്കാർ പലതും കണ്ടുപഠിക്കുന്നത്!

മൺമറഞ്ഞ നമ്മുടെ പൂർവ്വപിതാക്കന്മാരുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുവാൻ ഒരു നവചൈതന്യത്തിന്റെ ആന്ദോളനങ്ങൾ സഭ എമ്പാടും ഉയരട്ടെ! സഭയുടെ സമൂലമായ പരിവർത്തനത്തിനുതകുന്ന ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനം സഭാനേതൃത്വത്തിൽ നിന്നുണ്ടാകുവാൻ സഭയിലെ ബഹുഭൂരിപക്ഷം വിശ്വാസികളും ആഗ്രഹിയ്ക്കുന്നു.

q

# അത്മായവേദി എന്ന പ്രസിദ്ധീകരണം എന്തിന്?

**കെ. വി. ഏബ്രഹം കൊടുവത്ത് (വർക്കിംഗ് പ്രസിഡന്റ്)**

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ഒരു ഔദ്യോഗിക പ്രസിദ്ധീകരണം ആരംഭിക്കണമെന്ന വേദിയുടെ പ്രവർത്തകരുടെ ചിരകാലാഭിലാഷം ഇന്ന് സാധിതമായതിൽ ആദ്യമായി ദൈവത്തെ മഹത്വപ്പെടുത്തട്ടെ. ഈ പ്രസിദ്ധീകരണം സഭയുടെയും തദ്വാരാ ദൈവനാമ മഹത്വത്തിനും മുഖാന്തിരമായി തീര ട്ടെ എന്ന ഒരു പ്രാർത്ഥനയോടെ ആദ്യലക്കം സമർപ്പിക്കട്ടെ. ഇസെഡ് എം. പാറേട്ടിന്റെ പത്രാധിപത്വത്തിലും, ഉടമസ്ഥതയിലും പ്രസിദ്ധീകരിച്ചിരുന്ന "മലങ്കര സഭാസേവകൻ" എന്ന മാസികയാണ് ഞങ്ങൾ മാതൃകയാക്കുന്നത്. മലങ്കര സഭയുടെ സ്വയം ശീർഷകത്വം, ഭാരതീയത (ദേശീയത) എന്നിവക്കുവേണ്ടിയും സഭയുടെ ആന്തരിക ശുദ്ധിയും ഭരണപരമായ സുതാര്യതയും നിലനിർത്തുവാൻ വേണ്ടിയും നിത്യജാഗ്രതയോടെ വർത്തിച്ച ആ പ്രസിദ്ധീകരണം ഞങ്ങൾക്ക് എന്നും മാർഗ്ഗദീപമായിരിക്കും.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി മലങ്കരസഭയിൽ സൃഷ്ടിപരമായ വിമർശനവും ക്രിയാത്മക നിർദ്ദേങ്ങളും നിരന്തരം ഉയർത്തി സഭയിലെ ഭൂരിപക്ഷം വിശ്വാസികളുടെയും ശക്തമായ ശബ്ദമായി നിലകൊള്ളുന്ന മലങ്കരസഭാദീപം എന്ന പ്രസിദ്ധീകരണത്തെയും ഞങ്ങൾ ആദരപൂർവ്വം വീക്ഷിക്കുന്ന അഖില മലങ്കര അൽമായ വേദിയുമായി അഭിപ്രായഐക്യമുള്ള മലങ്കരസഭാദീപം ഞങ്ങൾക്കു എന്നും പ്രചോദനമായി നിലകൊണ്ടിട്ടുണ്ട്. പരസ്പര ബഹുമാനത്തിലും ക്രിസ്തീയ സാഹോദര്യത്തിലും സർവ്വോപരി മൂല്യാധിക്ഷ്ഠിത വീക്ഷണത്തോടും സ്നേഹത്തോടും വർത്തിയ്ക്കുന്ന രണ്ട് പ്രസ്ഥാനങ്ങളാണ് അഖില മലങ്കര അൽമായ വേദിയും മലങ്കരസഭാദീപവും. ആ ബന്ധം എക്കാലവും അങ്ങനെ തന്നെ തുടരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. നയസമീപനങ്ങളിലും അഭിപ്രായ രൂപീകരണത്തിലും പരസ്പരം ഇടപെടാതെയുള്ള വ്യത്യസ്തത എന്നും തുടരുക തന്നെ ചെയ്യും.

അഖില മലങ്കര അൽമായ വേദിയുടെ എല്ലാ പ്രവർത്തനങ്ങളെയും അഭിപ്രായങ്ങളെയും മലങ്കരസഭാദീപം വഴിയോ മറ്റ് ഏതെങ്കിലും പ്രസിദ്ധീകരണം വഴിയോ പ്രസിദ്ധീകരിക്കുക പല കാരണങ്ങളാലും സാദ്ധ്യമല്ല. മലങ്കരസഭാദീപത്തിന് സ്വന്തമായ വ്യക്തിത്വവും പരിമിതികളുമുണ്ട് - അൽമായ വേദിക്കും. ആയതിനാൽ വേദിയുടെ വീക്ഷണത്തെ പൂർണ്ണമായും വ്യക്തമാക്കുവാൻ സ്വന്തമായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുകയാണ്.

സഭയിലെ ഒരു നവോത്ഥാന പ്രസ്ഥാനമാണ് അൽമായവേദി. വിമർശനങ്ങൾ ഉയർത്തേണ്ട സന്ദർഭങ്ങളിൽ ഉയർത്തുന്നതും പ്രശംസ അർഹിക്കുന്ന ഘട്ടങ്ങളിൽ പ്രശംസിക്കുന്നതും വ്യക്തികളെ അടിസ്ഥാനപ്പെടുത്തിയല്ല. പ്രത്യുത വസ്തുനിഷ്ഠവും മൂല്യാധിഷ്ഠിതവും സർവ്വോപരി സഭയുടെ അൽമായ താല്പര്യങ്ങൾ ലക്ഷ്യമാക്കിയിട്ടുള്ളതുമാണ്. ഞങ്ങളുടെ വീക്ഷണത്തിലോ വാക്കിലോ പ്രവൃത്തിയിലോ തിരുത്തൽ ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന നിമിഷം തന്നെ തിരുത്തൽ നടത്തുവാൻ പേടിയോ ദുരഭിമാനമോ ഞങ്ങൾക്കില്ല. ചില പ്രശ്നങ്ങളിലും അഭിപ്രായങ്ങളിലും ഞങ്ങൾ ആവശ്യമായ തിരുത്തൽ വരുത്തിയിട്ടുണ്ട്. തിരുത്തപ്പെടേണ്ടത് ഭാവിയിലും തുറന്ന സമീപനം തന്നെ ഉണ്ടായിരിക്കും.

അൽമായവേദിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഈ പ്രസിദ്ധീകരണത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്. അത് ഒരു ലഘുലേഖയായി പ്രസിദ്ധീകരിച്ചത് പലർക്കും ലഭിച്ചിരിക്കും. ലഭിച്ചിട്ടില്ലാത്തവർക്കുവേണ്ടിയാണ് ഇതിൽ ചേർത്തിരിക്കുന്നത്. വായിച്ച എല്ലാവരും ആശയപരമായി യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് ഞങ്ങൾക്ക് പ്രോത്സാഹനവും ആത്മധൈര്യവും നൽകുന്നു. ആശയപരമായി യോജിപ്പുള്ള സഭയിലെ എല്ലാ വിശ്വാസികളെയും അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിലേക്ക് സഹർഷം സ്വാഗ തം ചെയ്യുന്നു.

ഈ സംഘടനയുമായി ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർ സംഘടനയുടെ ഭാരവാഹികളുമായി ഫോണിലോ കത്തു മുഖാന്തിരമോ ബന്ധപ്പെടാവുന്നതാണ്.

എല്ലാവർക്കും അറിവുള്ളതുപോലെ ഈ സംഘടന സഭയുടെ ഒരു ഔദ്യോഗിക പ്രസ്ഥാനമല്ല. സംഘടനാപ്രവർത്തനങ്ങൾക്കും ആശയപ്രചരണങ്ങൾക്കും ആവശ്യമായ പണം ഇതിന്റെ പ്രവർത്തകർ സ്വയം കണ്ടെത്തിയാണ് ഇത് നിലനിർത്തുന്നതെന്ന സത്യം സഭാവിശ്വാസികൾ മറന്നു പോകരുത്. അനുദിനം ശക്തി പ്രാപിച്ചുവരുന്ന ഈ സംഘടനയെയും പ്രസിദ്ധീകരണം ഉൾപ്പെടെയുള്ള ആശയ പ്രചരണ പരിപാടികളെയും കൂടുതൽ ശക്തമാക്കേണ്ട ചുമതല വിശ്വാസികളുടേതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. നിങ്ങളുടെ കൈത്താങ്ങലുകൾ ഞങ്ങൾക്കുണ്ടാകണം. പ്രാർത്ഥന, സഹകരണം, സംഭാവന, പരസ്യം എന്നിവയിലൂടെ ഈ പ്രസ്ഥാനത്തെ വളർത്താം.

മലങ്കരസഭയിലെ സമസ്ത വിശ്വാസികളുടെയും - വൈദിക, അവൈദിക വ്യത്യാസമില്ലാതെ - ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് അൽമായ വേദിയുടെ മുഖപത്രമായ 'അൽമായവേദി' എന്ന ഈ പ്രസിദ്ധീകരണം ഈ പുതുവത്സരത്തിൽ ഞങ്ങൾ വിനയപൂർവ്വം സമർപ്പിയ്ക്കുന്നു.

q

# മലങ്കരസഭയുടെ രക്തപുഷ്പത്തിന് അൽമായവേദിയുടെ ബാഷ്പാഞ്ജലി

**മലങ്കര സഭക്കുവേണ്ടി രക്തം ചൊരിഞ്ഞ ധീരനായ പടയാളി മലങ്കര വർഗ്ഗീസിന്റെ രക്തസാക്ഷിത്വ ദിനമായ ഡിസംബർ 4–ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി സഭയുടെ അഭിമാനഭാജനമായ ഈ അൽമായക്കാരനെ അനുസ്മരിക്കുവാൻ വേണ്ടി ഒരു യോഗം ചേർന്നു. പ്രൗഢഗംഭീരമായ ഈ ചടങ്ങ് കോട്ടയത്തെ ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്ററിലാണ് നടന്നത്.**

**വിശദമായ റിപ്പോർട്ട്:**



"സഹദേന്മാരെ സദാ കാലം സ്മരണം ചെയ്വതു നന്നേറ്റം"

## മലങ്കര വർഗ്ഗീസിന്റെ മരണം ഒരു തുറുപ്പു ചീട്ടായി പലരും ഉപയോഗിക്കുന്നു

**ഫാ. ഡോ. ജേക്കബ് കുര്യൻ**

തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും തെറ്റിദ്ധരിക്കാവുന്നതുമായ വേദിയിലാണ് നിൽക്കുന്നതെന്ന ബോദ്ധ്യത്തോടെയാണ് ഞാൻ സംസാരിക്കുന്നത്. ഈ യോഗത്തിൽ പങ്കെടുന്നതിൽ നിന്നും എന്നെ പിൻതിരിപ്പിക്കുവാൻ ഇന്നലെ രാത്രിയിലും ചില ഫോൺ കോളുകൾ വരികയുണ്ടായി. സമ്മർദ്ദങ്ങളെ അതിജീവിച്ച് ഇവിടെ എത്തുവാൻ രണ്ടു കാരണങ്ങളാണുള്ളത്. സഭയോടു ആത്മാർത്ഥതയും കൂറുമുള്ള പല മുഖങ്ങളെയും ഞാൻ ഇവിടെ കാണുന്നുണ്ട്. സഭയുടെ പ്രധാന പ്രവർത്തന മേഖലകളിൽ പലയിടത്തും സ്വന്തം പണം മുടക്കി ഓടിയെത്തുന്ന പലരും അൽമായവേദിയിൽ ഉണ്ട്. തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ തിരുത്താൻ തയ്യാറാണെന്നുള്ള സ്വാഗതപ്രസംഗകന്റെ വാക്കുകൾ ആത്മാർത്ഥതയോടെയാണെന്നതിന് ഞാൻ അനുഭവസ്ഥനാണ്. രണ്ടാമതായി മലങ്കര വർഗ്ഗീസിന്റെ അനുസ്മരണം പങ്കെടുക്കേണ്ട ഒരു ചടങ്ങാണെന്ന ബോദ്ധ്യമുള്ളതു കൊണ്ടുമാണ് ഞാൻ ഇന്നിവിടെ നിൽക്കുന്നത്.

സഭയുടെ സമീപകാല അവ്യക്തതകളിൽ ഇടപെട്ട് സ്വാഗതാർഹമായ ചലനങ്ങളുണ്ടാക്കുവാൻ സാധിച്ചത് അൽമായവേദിക്കാണ്. അൽമായ വേദി ഉയർത്തുന്നത് പ്രവാചക ശബ്ദമാണ്. ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് മാറിനിന്നുകൊണ്ട് ചിന്തിക്കുവാനും ഗുണപരമായ മാറ്റങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുന്നതുമാണ് പ്രവാചക ധർമ്മം. അതു തുടർന്നും നിർവ്വഹിക്കുവാൻ അൽമായ വേദിക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

മലങ്കര വർഗ്ഗീസിന്റെ മരണം അദ്ദേഹത്തിന്റെ കുടുംബത്തിനു മാത്രമല്ല, സഭക്കു മുഴുവനുമുള്ള നികത്താനാവാത്ത നഷ്ടമാണ്. എന്നാൽ ചില കേന്ദ്രങ്ങൾ ഈ ബലിദാനത്തെ നിർണ്ണായക ഘട്ടങ്ങളിൽ ഉപയോഗിക്കുവാനുള്ള തുറുപ്പുചീട്ടായാണ് പ്രയോജനപ്പെടുത്തുന്നത്. തൃക്കുന്നത്തു സെമിനാരി പ്രശ്നത്തിൽ നടന്ന ചർച്ചകളിൽ എറണാകുളം കലക്ടറുടെ അന്വേഷണത്തെ ശക്തിയായി എതിർത്ത ചിലർ മണിക്കൂറുകൾക്കുള്ളിൽ അതിന് സമ്മതം മൂളിയതിനു പിന്നിൽ മലങ്കര വർഗ്ഗീസ് വധം എന്ന തുറുപ്പു ചീട്ടാണ് പ്രയോഗിക്കപ്പെട്ടത്.

മലങ്കര വർഗ്ഗീസിന്റെ വധത്തിനെതിരെ ശബ്ദമുയർത്തുവാൻ ചില കെട്ടുപാടുകൾ മൂലം പലർക്കും സാധിക്കുന്നില്ല. സാമൂഹിക – രാഷ്ട്രീയ ബന്ധങ്ങൾ മൂലം വ്യക്തമായ നിലപാടുകളെടുക്കുന്നതിൽ നിന്നും പലരും ഒഴിവാകുന്നു.

സഭയിലെമ്പാടും ആദ്ധ്യാത്മികതയിലൂന്നിയ അടിത്തറയുണ്ടാകണം. സഭയുടെ പാരമ്പര്യങ്ങളും ചരിത്രവും ശരിയായി പഠിക്കയും പഠിപ്പിക്കയും ചെയ്യണം. വൈദികരേക്കാൾ സഭയുടെ ചരിത്രമറിയാവുന്ന അൽമായക്കാർ പലരുമുണ്ട്. ഈ വേദിയിൽത്തന്നെയുള്ള പലരും ചരിത്രത്തെക്കുറിച്ച് ആധികാരികമായ അറിവുള്ളവരും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ്.

സഭയുടെ ഭരണപരമായ കാര്യങ്ങളിൽ നടത്തുന്ന ഇടപെടലുകൾക്കൊപ്പം പഠനഗവേഷണങ്ങൾക്കും വേദി സമയം കണ്ടെത്തണം. പ്രത്യേക താല്പര്യക്കാരുടെ പോക്കറ്റിലാകാതെ സൂക്ഷിക്കയും വേണം.

ഫാ. സി. ജെ. ജോർജ് (തുമ്പമൺ)

## മലങ്കര വർഗ്ഗീസ് അപകടങ്ങളെ ധീരമായി നേരിട്ട വീരൻ

**ഫാ. ഏലിയാസ് ചെറുകാട് (കണ്ടനാട്)**

അൽമായ വേദിയുടെ ഈ ചടങ്ങിൽ സംബന്ധിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. കഴിഞ്ഞ വർഷത്തെ അനുസ്മരണത്തിനു ക്ഷണിക്കപ്പെട്ടിരുന്നെങ്കിലും മറ്റു ചില അത്യാവശ്യ കാര്യങ്ങൾ മൂലം വന്നെത്തുവാൻ സാധിച്ചില്ല. ഈ വർഷം കണ്ടനാട് ഭദ്രാസന ദിനം പരിപാടിയിൽ പോലും പങ്കെടുക്കാതെ ഈ ചടങ്ങിൽ പങ്കെടുക്കുവാൻ ഞാൻ എത്തിച്ചേരുകയായിരുന്നു. അൽമായ വേദിയുടെ പ്ലാറ്റ്ഫോമിൽ വരികയും പ്രസംഗിക്കയും ചെയ്താൽ എനിക്കെന്തെങ്കിലും അപകടം സംഭവിക്കുമെന്ന ഭയമൊന്നും എന്നെ അലട്ടുന്നില്ല. ഇപ്രകാരം ഒരു അനുസ്മരണം സംഘടിപ്പിച്ചതിൽ അൽമായവേദി പ്രവർത്തകരെ ഞാൻ അഭിനന്ദിക്കുന്നു. ഇരുപത്തഞ്ചു ലക്ഷം ഓർത്തഡോക്സുകാരിൽ ഇവിടെ കൂടിയിരിക്കുന്ന ആളുകൾ മാത്രമേ മലങ്കര വർഗ്ഗീസിനെ അനുസ്മരിക്കാനെത്തിയുള്ളു എന്നത് സഭക്കാകമാനം നാണക്കേടുണ്ടാക്കുന്ന ഒന്നാണ്.

ശ്രീ. റ്റി. എം. വർഗ്ഗീസ് അപകടങ്ങൾ നിറഞ്ഞ ചുറ്റുപാടിലാണ് താൻ നിൽക്കുന്നത് എന്നറിഞ്ഞു കൊണ്ടു തന്നെ മലങ്കര സഭയോട് ചേർന്ന് നിന്ന വ്യക്തിയാണ്. തന്റെ ജീവനു നേരെ ഒന്നിലേറെ തവണ ഭീഷണി ഉണ്ടായപ്പോഴും തന്റെ നിലപാടിൽ ഉറച്ചു നിന്ന് തന്റെ വിശ്വാസത്തിനുവേണ്ടി പൊരുതിയ വ്യക്തിയായിരുന്നു. ആ തീരുമാനം ആദരിക്കപ്പെടേണ്ടതാണ്. അദ്ദേഹത്തിന്റെ നാട്ടിലെ ഭൂരിപക്ഷമായ എതിർവിഭാഗത്തോട് ചേർന്നു നിന്നിരുന്നെങ്കിൽ വളരെ വലിയ സ്ഥാനങ്ങൾ ലഭിക്കുമെന്ന് അറിവുണ്ടായിരുന്നിട്ടും തന്റെ ബോദ്ധ്യത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും അദ്ദേഹം വ്യതിചലിച്ചില്ല.

തന്റെ മനസ്സാക്ഷിക്കനുസരണമായി നിലപാടെടുക്കുന്നതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് അദ്ദേഹത്തിന് തികഞ്ഞ ബോദ്ധ്യമുണ്ടായിരുന്നു. വരാനിരിക്കുന്ന പ്രതിസന്ധികളെയും അപകടത്തെയും കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. ഇതെല്ലാമായിരുന്നിട്ടും തന്റെ മനസ്സാക്ഷിക്കും ഉത്തമ ബോദ്ധ്യത്തിനും വിരുദ്ധമായ നിലപാട് അദ്ദേഹം എടുത്തില്ല. വടക്കൻ ഭദ്രാസനങ്ങളെ സംബന്ധിച്ചിടത്തോളം മലങ്കര സഭയുടെ വക്താവ് ശ്രീ. റ്റി. എം. വർഗീസ്സായിരുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി സഭ ഒന്നാകെ പ്രാർത്ഥിക്കേണ്ടതും അദ്ദേഹത്തിന്റെ കുടുംബത്തെ പിന്തുണക്കുകയും ചെയ്യേണ്ടതാണ്.

## മലങ്കര വർഗ്ഗീസ് ആത്മാർത്ഥതയുടെയും സ്നേഹത്തിന്റെയും നിറകുടം

**ജോസഫ് എം. പുതുശ്ശേരി എം. എൽ. എ.**

മലങ്കര വർഗ്ഗീസുമായി വളരെ ചുരുങ്ങിയ കാലത്തെ പരിചയമേ ഉള്ളെങ്കിലും വളരെ ഊഷ്മളമായ ഒരു സൗഹൃദം പങ്കിടുവാൻ ഞങ്ങൾക്ക് സാധിച്ചിരുന്നു. പെരുമ്പാവൂർ സൂലോക്കോ പള്ളിയിലെ ചില പ്രശ്നങ്ങൾ സംബന്ധിച്ച പത്രവാർത്തയുടെ കട്ടിംഗ് അടക്കം ചെയ്ത് അന്നത്തെ മുഖ്യമന്ത്രിക്ക് ഞാൻ കത്തെഴുതുകയും തുടർന്ന് നിയമസഭയിൽ അതെപ്പറ്റി ഒരു സബ്മിഷൻ വഴിയായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്രശ്നം കൊണ്ടുവരികയും ചെയ്തു. ഉടൻ തന്നെ ശ്രീ. റ്റി. എം. വർഗ്ഗീസ് ഫോണിൽ ബന്ധപ്പെടുകയും നന്ദി അറിയിക്കുകയും ചെയ്തു. തിരുവനന്തപുരത്ത് എം. എൽ. എ. ക്വാർട്ടേഴ്സിൽ വന്ന് എന്നെ സന്ദർശിക്കയും പിന്നീട് വളരെ ഊഷ്മളമായ ഒരു സൗഹാർദ്ദത്തിന് അത് വഴിവക്കുകയും ചെയ്തു. ആത്മാർത്ഥതയുടെയും സ്നേഹത്തിന്റെയും നിറകുടമായിട്ടാണ് അദ്ദേഹത്തെ ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ശ്രീ. റ്റി. എം. വർഗീസ്സിന്റെ ആത്മശാന്തിക്കായുള്ള പ്രാർത്ഥനയോടെ സമാരംഭിച്ചു. ശ്രീ. ഫീലിപ്പോസ് പൊട്ടക്കാവയലിൽ സ്വാഗതമാശംസിച്ചു. ഫാ. ഡോ. ജേക്കബ് കുര്യൻ (വൈസ് പ്രിൻസിപ്പൽ, കോട്ടയം വൈദിക സെമിനാരി) മുഖ്യ പ്രഭാഷണം നടത്തി. ശ്രീ. ജോസഫ് എം. പുതുശ്ശേരി എം. എൽ. എ., ഫാ. ഏലിയാസ് ചെറുകാട് (കണ്ടനാട്), ഫാ. നൈനാൻ കുര്യാക്കോസ് (വൈസ് പ്രസിഡന്റ്, ഓർത്തഡോക്സ് യുവജന പ്രസ്ഥാനം), ശ്രീ. ജോസഫ് ജോർജ് (അൽമായ വേദി എറണാകുളം യൂണിറ്റ് പ്രതിനിധി), ശ്രീ. എ. കെ. ജോസഫ് (സെക്രട്ടറി, യുവജനപ്രസ്ഥാനം) എന്നിവർ പ്രസംഗിച്ചു. ശ്രീ. തോമസ് കോച്ചേരി, ശ്രീ. ബാബു വെട്ടുവേലിൽ എന്നിവർ പ്രമേയങ്ങളവതരിപ്പിച്ചു. ശ്രീ. എം. കെ. കോര വാകത്താനം മലങ്കര വർഗ്ഗീസിനെക്കുറിച്ചുള്ള കവിത അവതരിപ്പിച്ചു. ക്യാപ്റ്റൻ കോശി മത്തായി കൃതജ്ഞത പ്രകാശിപ്പിച്ചു. ശ്രീ. കെ. വി. ഏബ്രഹാം കൊടുവത്ത്, ശ്രീ. ജയിംസ് പാമ്പാടി, ശ്രീ. ജോർജ് തോമസ് നരിമറ്റം മുതലായവർ നേതൃത്വം നൽകി *(മറ്റു പ്രസംഗങ്ങൾ അടുത്ത ലക്കത്തിൽ).*

## കണ്യാട്ടുനിരപ്പ് പള്ളി – സുപ്രധാനമായ കോടതിവിധികൾ

**(നിയമകാര്യലേഖകൻ)**

സഭയിലെ വിഘടിതവിഭാഗം ബലപ്രയോഗത്താൽ കൈവശം വക്കുകയോ ക്രമസമാധാന പ്രശ്നങ്ങളുയർത്തി പൂട്ടിക്കുകയോ ചെയ്തിട്ടുള്ള ദേവാലയങ്ങളുടെ കാര്യത്തിൽ വഴിത്തിരിവാകാവുന്ന സുപ്രധാന വിധികളാണ് കണ്യാട്ടുനിരപ്പ് പള്ളി സംബന്ധിച്ച് ഹൈക്കോടതിയും സുപ്രീംകോടതിയും പുറപ്പെടുവിച്ചിട്ടുള്ളത്. 2002 ൽ പുതിയ ഭരണഘടന സൃഷ്ടിച്ച് വിഘടിച്ചു നിൽക്കുന്ന പുത്തൻ കുരിശു കേന്ദ്രമാക്കി പ്രവർത്തിക്കുന്നതും തോമസ് പ്രഥമൻ നേതൃത്വം നൽകുന്നതുമായ സൊസൈറ്റി ഭൂരിപക്ഷം അവകാശപ്പെടുന്ന പള്ളിയാണ് സെന്റ് ജോൺസ് സുറിയാനിപ്പള്ളി. വിഘടിതർ ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിച്ചതിനെ തുടർന്ന് 2001-ൽ പള്ളിപൂട്ടാനിടയായി. എന്നാൽ കോടതിയുടെ ഇടപെടലിനെ തുടർന്ന് 2002 മുതൽ പള്ളി തുറന്ന് പ്രവർത്തിക്കുന്നുണ്ടായിരുന്നു. പള്ളിയിലെ ഇലക്ട്രിക് വയറുകൾ കത്തി നശിച്ചതിനെ തുടർന്ന് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് നിയോഗിച്ച വികാരി ഫാ. ജോൺ മൂലമറ്റം അത് നന്നാക്കിച്ചതിനെതിരായി വിഘടിതവിഭാഗക്കാരായ എം. വി. ജോർജ് മുതലായവർ ഫയൽ ചെയ്ത ഹർജി ചിലവു സഹിതം ജില്ലാ കോടതി തള്ളിക്കളഞ്ഞിരുന്നു.

വിഘടിതർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയപ്പോൾ വാദം നടത്തുന്നതിനിടയിൽ പള്ളി പൊതുയോഗവും തിരഞ്ഞെടുപ്പും നടത്തണമെന്ന് ഇരുഭാഗവും ആവശ്യപ്പെട്ടു. 1934 ലെ ഭരണഘടനയനുസരിച്ച് തിരഞ്ഞെടുപ്പുനടത്തുവാൻ കോടതി ഉത്തരവായി. പ്രസ്തുത ഭരണഘടന അംഗീകരിക്കുന്നതായി രേഖാമൂലം പ്രഖ്യാപിക്കുന്നവർക്ക് മാത്രമാണ് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാനോ വോട്ട് രേഖപ്പെടുത്തുവാനോ അവകാശമുള്ളത്. ഹൈക്കോടതിവിധി അനുസരിച്ച് ജില്ലാക്കോടതി തിരഞ്ഞെടുപ്പ് നടപടികൾക്ക് മേൽനോട്ടം വഹിക്കുവാൻ അഡ്വ. കെ. പി. ശ്രീകുമാറിനെ നിയോഗിച്ചു.

ഹൈക്കോടതിവിധിക്കെതിരെ വിഘടിത വിഭാഗം സുപ്രീംകോടതിയിൽ പ്രത്യേകാനുമതിഹർജി നൽകിയെങ്കിലും ജ: എസ്. കെ. അസ്മ, ജ: ദൽവീർ ഭണ്ഡാരി എന്നിവരടങ്ങുന്ന ബഞ്ച് ഹർജി തള്ളിക്കളയുവാൻ തുടങ്ങുമ്പോൾ അത് പിൻവലിക്കുവാൻ അനുവദിക്കണമെന്ന് വിഘടിതവിഭാഗത്തിന്റെ അഭിഭാഷകർ അഭ്യർത്ഥിക്കയും കോടതി അത് അനുവദിക്കയും ചെയ്തു. ഈ കേസിൽ സുപ്രീംകോടതിയിൽ നിന്നും ഒരു വിധിയുണ്ടായാൽ മറ്റു പല പള്ളികളുടെ കേസിനെയും ദോഷകരമായി ബാധിക്കുന്നത് തടയുവാനുള്ള വിഘടിതരുടെ തന്ത്രമായിട്ടാണ് നിരീക്ഷകർ ഇതിനെ വിലയിരുത്തുന്നത്. ക്രമസമാധാനപ്രശ്നം സൃഷ്ടിച്ച് ഭരണകൂടത്തിന്റെ ഒത്താശയോടെ പള്ളികൾ പൂട്ടിക്കുക, കേസുകൾ ആവുന്നത്ര നീട്ടിക്കൊണ്ടുപോവുക, ഇതിനിടയിൽ രാഷ്ട്രീയമായും മാധ്യമങ്ങൾ വഴിയും സമ്മർദ്ദങ്ങൾ ചെലുത്തി ഒത്തുതീർപ്പെന്ന പേരിൽ ചില ധാരണകളിലൂടെ കുറച്ചെന്തെങ്കിലും നേടിയെടുക്കുക, അതിനുശേഷം വീണ്ടും ക്രമസമാധാന പ്രശ്നം സൃഷ്ടിച്ച് നേട്ടങ്ങൾ വർദ്ധിപ്പിക്കുക എന്ന തന്ത്രം പരാജയപ്പെടുന്നതിന്റെ ആരംഭമായി ഈസംഭവവികാസത്തെ നിരീക്ഷകർ വിലയിരുത്തുന്നു.

ആചന്ദ്രതാരം കേസു പറഞ്ഞാലും പരിഹാരമുണ്ടാവില്ല എന്ന് പ്രചരിപ്പിക്കുന്ന ഓർത്തഡോക്സ് സഭയിലെ ചില പ്രമാണിമാർക്കും ഈ സംഭവവികാസങ്ങൾ തിരിച്ചടിയായിട്ടുണ്ട്. വിഘടിതരുടെ ട്രോജൻ കുതിരകളായ ചില ഉന്നതസ്ഥാനിയർ എന്ത് വിട്ടുവീഴ്ച ചെയ്തും സമാധാനമുണ്ടാക്കമെന്ന് തുടർച്ചയായി പ്രചരണം നടത്തുമ്പോൾ വിശദാംശങ്ങളറിയാത്ത സാധാരണക്കാരും ഈ സംഘഗാനത്തിൽ മുങ്ങിപ്പോകുന്നു. സഭയുടെ ഔദ്യോഗിക മാധ്യമങ്ങൾ പോലും വസ്തുതകളെ തമസ്കരിക്കയും, സഭയുടെ ഉന്നതാധികാര സമിതികളിലെ മാധ്യമ പ്രഭുക്കന്മാർ മറുപക്ഷം ചേരുകയും, സഭയുടെ പബ്ലിക്ക് റിലേഷൻസ് പക്ഷാഘാതമേറ്റ് ശയ്യാവലംബിയാകുകയും ചെയ്ത സാഹചര്യത്തിൽ സഭാനാഥൻ കോടതിവിധികളുടെ രൂപത്തിൽ വീണ്ടും ഒരിക്കൽ കൂടി സഭയുടെ രക്ഷക്കെത്തിയിരിക്കുന്നു.

ഹൈക്കോടതിയിൽ പ്രത്യേകാനുമതിഹർജി നൽകി പ്രശ്നം സജീവമായി നിർത്തുവാൻ നടത്തിയ വിഘടിതരുടെ ശ്രമവും പരാജയപ്പെട്ടു.

൹

# മൂന്നു സമുന്നത സാരഥികൾ

*(ഒന്നാം പേജിൽ നിന്നും)*

യായി ഉയർത്തപ്പെടുകയും ചെയ്തു. സുറിയാനി പണ്ഡിതനായിരുന്ന അദ്ദേഹം ആരാധനാ സാഹിത്യത്തിനു നൽകിയ സംഭാവന ഏറെ വിലപ്പെട്ടതാണ്. പാത്രിയർക്കീസ് ഭാഗത്തുനിൽക്കുമ്പോഴും മനസ്സാക്ഷി പണയം വയ്ക്കാതിരുന്ന മാർ ഔഗേൻ റമ്പാൻ 1912-ൽ നിരണത്തു വച്ചു നടന്ന പ്രഥമ കാതോലിക്കാ വാഴ്ചയിൽ നിരോധനമുണ്ടായിട്ടും തന്റേടത്തോടെ പങ്കെടുത്തു. സഭയിൽ സമാധാനം ഉണ്ടായശേഷം തന്റെ സഹായ മെത്രാപ്പോലീത്താ നേരത്തെ ചെയ്ത പ്രതിജ്ഞ ലംഘിച്ച് അന്ത്യോക്യൻ മൂവ്മെന്റുണ്ടാക്കി അധികാരമില്ലാത്ത ശ്രേഷ്ഠ കാതോലിക്കാ പദവി നേടിയെടുത്തതും സ്വാതന്ത്ര്യം പണയം വച്ചു സ്ഥാനം നേടിയ അദ്ദേഹത്തിനു അങ്കമാലി ഭദ്രാസനത്തിലെ അഞ്ചാം തരക്കാരനായ മെത്രാപ്പോലീത്താ തന്റെ ഭദ്രാസനത്തിൽ പ്രവേശിക്കരുതെന്നു കാണിച്ചു രജിസ്റ്റർ നോട്ടീസ് അയച്ചതും നിരാശനായി അദ്ദേഹം കടന്നുപോയതും എല്ലാം പുണ്യചരിതനായ ഔഗേൻ ബാവായോടു മറുത്തു നിന്നതുകൊണ്ടാണെന്നു വിശ്വസിക്കുന്നവർ ഇന്നും ജീവിച്ചിരിപ്പുണ്ട്. നെല്ലിനോടൊപ്പം കള വളരുന്നതു പോലെയുള്ള ഒരു ജീവിതമായിരുന്നു പ്രഥമ ശ്രേഷ്ഠ കാതോലിക്കായുടേത്.

ഔഗേൻ ബാവായെ 1964 മെയ് 22 നു കോട്ടയത്തു വച്ചു യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് വാഴിച്ചപ്പോൾ മലങ്കരസഭയിൽ പരിപൂർണ്ണ സമാധാനം ഉണ്ടായെന്നും എല്ലാവർക്കും സ്വീകാര്യനായ ഉന്നതവ്യക്തിയാണു നാലാമത്തെ കാതോലിക്കായെന്നും മേലിൽ മലങ്കരസഭയിൽ പിളർപ്പുണ്ടാക്കുന്നവർ ലോത്തിന്റെ ഭാര്യയെപ്പോലെ ഉപ്പുതൂണാകുമെന്നും പാത്രിയർക്കീസ് പ്രസ്താവിച്ചപ്പോൾ ജനസഹസ്രങ്ങൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. പക്ഷേ ഈ സമാധനത്തിനും വാഴ്ചയ്ക്കും എല്ലാം നേരത്തെ ഒരു ന്യൂനപക്ഷം തടസ്സം സൃഷ്ടിച്ചിരുന്നു. അവരുടെ ചതിക്കുഴിയിൽ യാക്കൂബ് തൃതീയൻ ലോത്തിന്റെ ഭാര്യയെപ്പോലെ വീഴുകയും വിനയത്തിന്റെ നിറകുടമായ ഔഗേൻ ബാവായെ വരുതിയിൽ നിർത്താമെന്നു വ്യാമോഹിക്കുകയും ചെയ്തപ്പോൾ അദ്ദേഹം വഞ്ചകനായ സാത്താന്റെ ആൾരൂപം പ്രാപിക്കുകയായിരുന്നു. മാർത്തോമ്മായുടെ സിംഹാസനത്തിലേക്ക് ഔഗേൻ ബാവായെ അവരോധിക്കുകയും 1965 ലെ എത്യോപ്യൻ സുന്നഹദോസിനു ശേഷം മൂസൽ സെന്റ് തോമസ് പള്ളിയിൽവെച്ചു സെന്റ് തോമസിന്റെ ഭൗതികാവശിഷ്ടം ഔഗേൻ ബാവായെ പാത്രിയർക്കീസ് ഏല്പിക്കുകയും ചെയ്തശേഷം 1970-ൽ മാർത്തോമ്മായ്ക്കു പട്ടമില്ലെന്നും തന്നിമിത്തം സിംഹാസനമില്ലെന്നും മറ്റും കല്പനയിലൂടെ അറിയിച്ച വേദവിപരീതിയായ പാത്രിയർക്കീസ് ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുടെ കരിമ്പട്ടികയിൽ ഒന്നാം സ്ഥാനം നേടി. മാർത്തോമ്മായ്ക്കു പട്ടം ഇല്ലെന്നും സിംഹാസനമില്ലെന്നും പറഞ്ഞ പാത്രിയർക്കീസിനെ വിനയത്തിന്റെ മൂർത്തിമത് ഭാവമായിരുന്ന ഔഗേൻ ബാവാ സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേറ്റ് ശാസിക്കുകയും അന്ത്യോക്യൻ സഭയുമായുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്തു. ഇന്ത്യയുടെ അപ്പോസ്തോലനും മലങ്കരസഭയുടെ കാവൽപ്പിതാവുമായ മാർത്തോമ്മായെ താഴ്ത്തിക്കെട്ടുന്ന ഒന്നും തന്നെ താൻ ചെയ്യുകയില്ലെന്നും അതിൽ ഭേദം തന്റെ കുപ്പായം ഊരിക്കളയുകയാണെന്നും പറഞ്ഞ ഔഗേൻ ബാവാ, മാർത്തോമ്മാ ശ്ലീഹായുടെ ദീപശിഖ നൂറടികൂടി ഉയർത്തിക്കെട്ടുകയാണു ചെയ്തത്.

മാർപ്പാപ്പായോടു സമനായ ഔഗേൻ കാതോലിക്കാബാവാ ക്ഷണപ്രകാരം 1964-ൽ ബോംബെയിൽ വച്ചു ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കുവാൻ വന്ന പോൾ ആറാമൻ മാർപ്പാപ്പായുമായി ഒരു സോഫയിൽ ഇരുന്നു സൗഹൃദ സംഭാഷണം നടത്തിയ രംഗം ആർക്കും മറക്കാൻ സാദ്ധ്യമല്ല. പാത്രിയർക്കീസിനു പ. ഔഗേൻ ബാവായോടു അസൂയ തോന്നാനുള്ള ഒരു കാരണമാണ് സമനിലയിൽ നടന്ന ഈ മാർപ്പാപ്പാ - കാതോലിക്കാ സംഗമം എന്നു കൂടി ഓർക്കണം. ഭീകരന്മാരെപ്പോലെ (ആതംഗവാദികൾ) വടക്കുള്ള ഒരു സംഘം ആളുകൾ സഭയുടെ പേരിൽ സംഘർഷം സൃഷ്ടിക്കുകയും സഭയെ തകർക്കാൻ ശ്രമിക്കുകയും മൃതദേഹങ്ങൾ പിടിച്ചുവയ്ക്കുകയും ചെയ്തപ്പോൾ അവയെ സമർത്ഥമായി നേരിടാൻ പ്രായാധിക്യം തടസ്സമായതിനാൽ 90 കഴിഞ്ഞ ഔഗേൻ ബാവാ സ്വമനസ്സാലെ സ്ഥാനം ഒഴിയുകയും സഭയുടെ കടിഞ്ഞാൺ ശക്തനായ മാത്യൂസ് മാർ അത്താനാസ്യോസിനു കൈമാറുകയും ചെയ്തപ്പോൾ ഉന്നതമായ കാതോലിക്കാ പദവിയും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും രാജിവച്ച് അദ്ദേഹം മലങ്കരയിൽ മഹത്തായ ഒരു മാതൃക സൃഷ്ടിക്കുകയായിരുന്നു. ഈ മാതൃകയെ പ്രായവും രോഗവും വന്നപ്പോൾ മാത്യൂസ് പ്രഥമൻ ബാവായും മാത്യൂസ് ദ്വിതീയൻ ബാവായും പിൻതുടർന്നു എന്നതിനാൽ ഔഗേൻ ബാവായുടെ സഭാസ്നേഹം വാനോളം ഉയരുകയായിരുന്നു. ബാവാമാരുടെ റിട്ടയർമെന്റ് പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ദൈവാശ്രയവും വിനയവുമായിരുന്നു ഔഗേൻ ബാവായുടെ മുഖമുദ്ര. അത്തരക്കാർക്കു മാത്രമേ സമസ്ത സഭാംഗങ്ങളുടെയും ആദരവും സ്നേഹബഹുമാനാദികളും പരപ്രേരണ കൂടാതെ ആർജ്ജിക്കാനും ദൈവത്തിനു മഹത്വം കരേറ്റാനും സാധിക്കുകയുള്ളു.

### പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

പ്രായാധിക്യം മൂലം സ്ഥാനത്യാഗം ചെയ്തു സന്മാതൃക സൃഷ്ടിച്ച ഔഗേൻ ബാവായെ തുടർന്ന് 1975 ഒക്ടോബർ 27 നു പഴയ സെമിനാരിയിൽ വച്ച് അഞ്ചാം കാതോലിക്കായായി അവരോധിക്കപ്പെട്ട മാത്യൂസ് പ്രഥമൻ ബാവാ ഭരണപരിചയം, പാണ്ഡിത്യം, ആജ്ഞാശക്തി, കാനോൻ സംബന്ധിച്ച അവഗാഹം മുതലായ ഗുണഗണങ്ങളാൽ അനുഗൃഹീതനായിരുന്നു. അന്ത്യോക്യ - മലങ്കര ബന്ധം കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിക്കുമെന്നും ഇന്ത്യയിലെ ഇതര സഭകളുമായുള്ള ബന്ധത്തിനു പ്രമുഖ സ്ഥാനം നൽകുമെന്നും സ്ഥാനാരോഹണ വേളയിൽ അഞ്ചാം കാതോലിക്കാ പറഞ്ഞു എങ്കിലും വടക്കുള്ള ഒരു സംഘം വിഘടിതർ വാനരന്മാരെപ്പോലെ നിരന്തരം ശല്യങ്ങൾ സൃഷ്ടിച്ചതിനാൽ ആഗ്രഹങ്ങൾ നിറവേറ്റാൻ അദ്ദേഹത്തിനു സാധിച്ചില്ല. ബാഹ്യകേരള ഭദ്രാസനാധിപൻ എന്ന നിലയിൽ മലങ്കരസഭയുടെ അതിരുകൾ വിശാലമാക്കി സഭയ്ക്ക് ഇന്ത്യൻ ഓർത്തഡോക്സ് സഭ എന്ന പേരു അന്വർത്ഥമാക്കി. വൈദികസെമിനാരി അധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിൽ മിക്ക വൈദികരുടെയും ഗുരുവായതിനാൽ ആജ്ഞാശക്തി വേണ്ടവിധം പ്രയോഗിക്കാനും ഫലപ്രദമായി ഭരിക്കാനും ബാവായ്ക്കു സാധിച്ചു. എതിരാളികളെയും അദ്ദേഹം സ്നേഹിച്ചു എങ്കിലും അവർക്ക് അദ്ദേഹത്തിൽ ഹൃദയനൈർമ്മല്യവും സഭാസ്നേഹവും ദർശിക്കാൻ സാധിച്ചില്ല. ഓർത്തഡോക്സ് സഭയിലെ തന്നെ ചില സ്വാധീനമുള്ള കേന്ദ്രങ്ങൾ അദ്ദേഹം കാതോലിക്കാ ആകുന്നതിന് എതിരായിരുന്നു. ചില നേതാക്കന്മാരുടെ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും അവരുടെ തോളുകളിൽ കൈ യ്യിട്ടു നടക്കുന്നതിനും ഒട്ടും താല്പര്യമില്ലാതിരുന്ന - അതിനെ എതിർത്ത - അദ്ദേഹം സഭയുടെ ശിക്ഷണം, സാമ്പത്തിക അച്ചടക്കം, ദൈവശാസ്ത്രവിജ്ഞാനം മുതലായ രംഗങ്ങളിൽ അന്യൂനമായ മാതൃക കാത്തുസൂക്ഷിച്ച വ്യക്തിയായിരുന്നു. അത്യുന്നത പദവിയിൽ എത്തിയശേഷം സഭാഭരണരംഗത്തു ശ്രദ്ധിക്കാതെ നിലയ്ക്കാത്ത സഞ്ചാര - സൽക്കാര - ധനസമാഹരണ സ്വീകരണ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന ചില മേല്പട്ടക്കാരുടെ സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു.

പ്രതിസന്ധികളിൽ മലങ്കരസഭക്കു പ്രഗത്ഭമായ നേതൃത്വം നൽകാൻ, പ. സഭാനാഥൻ തെരഞ്ഞെടുത്ത ശ്രേഷ്ഠാചാര്യന്മാരുടെ നിരയിൽ വളരെ ശോഭിച്ച അദ്ദേഹത്തിന്റെ ഭരണകാലത്തു സഭക്കു പല വൻ നേട്ടങ്ങളുണ്ടായി. ആരാധനാഗ്രന്ഥങ്ങൾ രചിച്ചും കൂടുതൽ മേല്പട്ടക്കാരെയും വൈദികരെയും വാഴിച്ചും വിദേശ സന്ദർശനങ്ങൾ കൊണ്ട് സഭയുടെ പേരും പ്രശസ്തിയും വർദ്ധിപ്പിച്ചും സഭയെ കൂടുതൽ ധന്യമാക്കി. സഭാചരിത്രം, വേദശാസ്ത്രം, ദൈവശാസ്ത്രം, കാനോൻ, സുറിയാനിഭാഷ എന്നിവയിൽ വലിയ പാണ്ഡിത്യമുണ്ടായിരുന്ന ഇടയന്മാരുടെ വലിയ ഇടയനായിരുന്നു അഞ്ചാം കാതോലിക്കാ. ആരാധനാ പരിഷ്കരണം, ദിവ്യബോധന പരിപാടി, ഇംഗ്ലീഷിലുള്ള കുർബാനക്രമം, തക്സാ മുതലായവ ബാവായുടെ കാലത്തെ നേട്ടങ്ങളിൽ പെടുന്നു.

ആണ്ടിൽ രണ്ടു തവണ നിശ്ചിതസമയം സുന്നഹദോസുകൾ കൂടുന്നതിനും എല്ലാ കാതോലിക്കാമാരുടെയും കബറിടങ്ങൾ ദേവലോകം ചാപ്പലിൽ ആയിരിക്കണമെന്നു തീരുമാനിക്കുന്നതിനും ഒന്നും രണ്ടും കാതോലിക്കാമാരുടെ കബറിടങ്ങൾ പുതുക്കിപ്പണിയുന്നതിനും ബാവായ്ക്കു സാധിച്ചു. വൈദിക സെമിനാരിയുടെ വൻ വളർച്ച, പുതിയ കോളജ് സ്ഥാപനം, വടക്കൻ മേഖലകളിൽ കാതോലിക്കേറ്റ് സെന്ററുകളുടെ നിർമ്മാണം, കാതോലിക്കാനിധിശേഖരണത്തിൽ ലക്ഷങ്ങളുടെ കുതിപ്പ്, സർവ്വോപരി സഭാഭരണരംഗത്തെ ശിക്ഷണം എന്നിവ അഞ്ചാം കാതോലിക്കായുടെ ഭരണകാലത്തെ ചില നേട്ടങ്ങൾ മാത്രമാണ്. നല്ലവനും വിശുദ്ധനുമായിരുന്ന ബാവായുടെ 15 വർഷത്തെ ഭരണം ഒരു സുവർണ്ണകാലഘട്ടമായിരുന്നു. സംശുദ്ധമായ വ്യക്തിജീവിതവും കർക്കശമായ പണമിടപാടുകളും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുമായുള്ള അകൽച്ചയും അദ്ദേഹത്തെ കൂടുതൽ അവിസ്മരണീയനാക്കുന്നുണ്ട്.

ഒരേ സമയം പ്രാർത്ഥന കൊണ്ടും പ്രവൃത്തികൾ കൊണ്ടും സഭയെ സുധീരമായി നയിച്ച അഞ്ചാം കാതോലിക്കായിൽ പ. പരുമലത്തിരുമേനിയുടെ ആരോഗ്യത്തകർച്ചയിലേക്കു നയിച്ച തപച്ചര്യകളോ കുശാഗ്രബുദ്ധിയായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ നയതന്ത്രപരമായ നീക്കങ്ങളോ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ മുഖതേജസ്സോ ഔഗേൻ ബാവായുടെ അതിവിനയമോ ഒരു പക്ഷേ പലർക്കും ദർശിക്കാൻ സാധിച്ചെന്നു വരില്ല. എന്നാൽ സഭയുടെ സനാതനമായ നിലപാടുകളും അന്തസ്സും അന്യൂനം പരിരക്ഷിക്കുകയും തന്നെ ഭരമേല്പിച്ച സഭയ്ക്ക് ഒരു പോറൽ പോലും ഏല്പിക്കാതിരിക്കുകയും ചെയ്തു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. എക്യുമെനിക്കൽ രംഗത്ത് ചില സുപ്രധാന കാൽവയ്പുകൾ നടത്താനും അഞ്ചാം കാതോലിക്കായ്ക്കു കഴിഞ്ഞു. വത്തിക്കാന്റെ അധിപനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെ തുല്യസ്ഥാനി എന്ന നിലയിൽ മാത്യൂസ് പ്രഥമൻ കോട്ടയത്തു വച്ചു സ്വീകരിച്ച് താൻ കോട്ടയത്തെ മാർപ്പാപ്പായാണെന്നു തുറന്നടിച്ചപ്പോൾ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ സ്ഥാനവും മഹത്വവും സുവ്യക്തമായി. മാർപ്പാപ്പായുടെ കീഴിലുള്ള വിശാലമായ റോമാസഭയിലെ ഒരു ചെറിയ റീത്തിന്റെ തലവൻ ഇപ്പോൾ കാതോലിക്കാ സ്ഥാനം ലഭിക്കാൻ കിണഞ്ഞുപരിശ്രമിച്ചു നാണംകെട്ട ആധുനിക പശ്ചാത്തലം ഓർക്കുമ്പോൾ യഥാർത്ഥ കാതോലിക്കായുടെ ഈ അത്യുന്നതസ്ഥാനം സംശയാലുക്കൾക്കു പോലും ഇന്നു കൂടുതൽ വ്യക്തമാകുന്നുണ്ട്.

q

### നമ്മൾ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും

"നമ്മുടെ മക്കളെ, .... സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിടയിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും."

**- പ. ഗീവർഗീസ് ദ്വിതീയൻ ബാവാ**

(അന്ത്യ കല്പനയിൽ നിന്നും)

**ഉപകാരസ്മരണ**



**ബഥനിയുടെ യൂഹാനോൻ മാർ അത്താനാസ്യോസ്**

Inserted by: റജി മാത്യു, പാമ്പാടി

**ഉപകാരസ്മരണ**



**പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻബാവാ**

Inserted by: ജയിംസ് പാമ്പാടി

## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

**സെക്രട്ടറിയേറ്റ് അംഗങ്ങൾ**

1. കെ. വി. ഏബ്രഹാം കൊടുവത്ത് (വർക്കിംഗ് പ്രസിഡന്റ്) ഫോൺ: 0481 -2432507
2. ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 0481 - 2543742, 9387610283
3. തോമസ് ചാണ്ടി (സെക്രട്ടറി) ഫോൺ: 0481 - 2517406, 3957546, 9847563188
4. തോമസ് കോച്ചേരി (ട്രഷറർ) ഫോൺ: 0481 - 2462553
5. ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (ഓർഗനൈസിംഗ് സെക്രട്ടറി) ഫോൺ: 0481 - 2463138
6. ജയിംസ് പാമ്പാടി (ഓർഗസൈനിംഗ് സെക്രട്ടറി) ഫോൺ: 9447706865

(അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച് വിശദവിവരങ്ങൾക്കും ബന്ധപ്പെടുക)

**അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി, പോസ്റ്റ് ബോക്സ് നമ്പർ 652, കോട്ടയം - 686001**

# പാമ്പാടി തിരുമേനി സ്മൃതി സമ്മേളനം ജനുവരി 29 ന്

കൊച്ചി: പരിശുദ്ധ പാമ്പാടി തിരുമേനി പവിത്രസ്മൃതിവർണ്ണന സമ്മേളനം ജനുവരി 29ന് ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുമെന്നു സംഘാടക സമിതി വൈസ് ചെയർമാൻ കെ. ജെ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ അറിയിച്ചു. ഓർത്തഡോക്സ് സഭയിലെ കണ്ടനാട്, അങ്കമാലി, കൊച്ചി, കുന്നംകുളം മെത്രാസനങ്ങൾ ചേർന്നാണു സമ്മേളനം സംഘടിപ്പിക്കുന്നത്.

സംഘാടക സമിതി യോഗ ത്തിൽ റവ. ഡോ. ടി. പി. ഏലിയാസ്, ഫാ. പി. ഐ. വർഗീസ്, ഫാ. ബിജു എബി മാത്യൂസ്, ഫാ. സൈമൺ ജോസഫ്, ഫാ. പി. എസ്. യോഹന്നാൻ, ഫാ. സണ്ണി വർഗീസ് എന്നിവർ പ്രസംഗിച്ചു.

പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായോടൊപ്പം പാമ്പാടി തിരുമേനിയെയും വിശുദ്ധപദവിയിലേക്കുയർത്തുവാൻ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഔദ്യോഗിക പ്രഖ്യാപനം നടത്തുന്നതിനു മുമ്പ് സഭയിലാകമാനം ഈ വിശുദ്ധ പിതാക്കന്മാരെ സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായാണ് ഇത്തരം സമ്മേളനങ്ങൾ. തിരുവനന്തപുരം, കൊല്ലം ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിലുള്ള സ്മൃതിവർണ്ണന സമ്മേളനം ഏതാനും മാസങ്ങൾക്കു മുമ്പ് തിരുവനന്തപുരത്തു വച്ച് നടത്തിയിരുന്നു.

"സഭയെ ഒന്നായി ഞാൻ കാണുന്നു. ഏതാനും ആളുകളുടെ നേതൃത്വത്തിൽ സഭയ്ക്കെതിരായി പ്രവർത്തിച്ചു കൊണ്ടിരിയ്ക്കുന്ന ഒരു സംഘത്തെ ഞാൻ കാണാതിരിയ്ക്കുന്നില്ല. സഭയുടെ സംരക്ഷണത്തിന് അവരുടെ പ്രവർത്തനങ്ങളെ പ്രതിരോധിയ്ക്കാതെ നിവൃത്തിയില്ല...."

**(പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ സ്ഥാനാരോഹണ പ്രസംഗത്തിൽ നിന്ന്)**


**മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ 'നിരണം ഗ്രന്ഥവരി'യുടെയും ലക്ഷണമൊത്ത ആദ്യ യാത്രാവിവരണമായ 'ഊർശ്ലേം യാത്രാ വിവരണ'ത്തിന്റെയും പ്രസാധകനായ ജോയ്സ് തോട്ടയ്ക്കാട് അവതരിപ്പിക്കുന്നു മലയാള ഭാഷയിലെ നാലാമത്തെ യാത്രാ വിവരണം**

**കൊളംബ് യാത്രാ വിവരണം**

**കാരുചിറ ഗീവർഗീസ് ശെമ്മാശൻ**
(പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ)
പഠനം: ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ജീവചരിത്രരേഖ: എം. കുര്യൻ തോമസ്
പഠനകുറിപ്പുകൾ: ജോയ്സ് തോട്ടയ്ക്കാട്
വില: 20 രൂപ മാത്രം.
സോഫിയാ ബുക്സ്, സൂര്യ ഗസ്റ്റ് ലൈൻ,
തെക്കേനട, കോട്ടയം – 1
ഫോൺ: 3955054, 98474 98303


# അൽമായവേദി എറണാകുളം യൂണിറ്റ് ആരംഭിച്ചു

കൊച്ചി: അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ഒരു യൂണിറ്റ് എറണാകുളത്ത് ഇളംകുളം കേന്ദ്രമായി രൂപീകരിച്ചു. പ്രസിഡണ്ടായി ശ്രീ. എ. എം. കോശിയേയും, സെക്രട്ടറിയായി ശ്രീ. ജി. തോമസിനെയും തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു.

## സംവേദന വേദി

അഖിലമലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ സുപ്രധാന ലക്ഷ്യങ്ങളിലൊന്ന് അൽമായക്കാരുടെ വീക്ഷണങ്ങൾ സംഗ്രഹിക്കയും സംവേദനക്ഷമമാക്കുകയുമാണ്. നിയുക്ത കാതോലിക്കാ സ്ഥാനത്തെക്കുറിച്ച് പല ചർച്ചകളും ഇപ്പോൾ പല കേന്ദ്രങ്ങളിലും നടക്കുന്നു. ആ സ്ഥാനം ആവശ്യമില്ല എന്നതു മുതൽ ഉടനെ തിരഞ്ഞെടുപ്പ് നടക്കണമെന്നും ഇന്ന മെത്രാപ്പോലീത്തയെ തന്നെ ആ സ്ഥാനത്തേക്ക് ഉയർത്തണം എന്നുവരെ അഭിപ്രായങ്ങൾ ഉയരുന്നു.

ഈ വിഷയത്തെ എങ്ങിനെ നിങ്ങൾ വീക്ഷിക്കുന്നു? ഏതു തരത്തിലുള്ള വ്യക്തിയെയാണ് ഈ സ്ഥാനത്തേക്കു വേണ്ടത്? അൽമായക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു. ഏതെങ്കിലും വ്യക്തിക്കുവേണ്ടിയുള്ള ലോബിയിൽ ചേരുവാൻ അൽമായവേദി താല്പര്യപ്പെടുന്നില്ല. എന്തെല്ലാം ഗുണഗണങ്ങളാണ് അൽമായക്കാർ ഈ സ്ഥിതിയിൽ പ്രതീക്ഷിക്കുന്നത് എന്നതാണ് പ്രശ്നം. അപ്രകാരം ഒരു സ്ഥാനി ആവശ്യമാണോ ആണെങ്കിൽ എപ്പോൾ എന്നതായിരിക്കണം പ്രതികരണങ്ങൾ.

**11–ാം ചരമവാർഷികം**
**(3 – 12 – 2005)**



**റവ. ഫാ. കെ. കെ. ജോസഫ്**
കിഴക്കേതലയ്ക്കൽ പീടികയിൽ,
പുത്തൻകാവ്

**"ആചാര്യേശാ മശിഹാകൂദാശകളർപ്പിച്ചോരാ–ചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം!"**

Inserted by:

**ഫിലിപ്പ് കുരുവിള & ഫാമിലി**
കൊണ്ടേക്കേരിൽ, വേളൂർ, കോട്ടയം

# കൂനൻകുരിശു സത്യത്തിന്റെ 352–ാം വാർഷികവും സഭാചരിത്ര പഠന സെമിനാറും 2006 ജനുവരി 8 ന് പാമ്പാടിയിൽ

അഖില മലങ്കര ഓർത്തഡോക്സ് അത്മായ വേദിയുടെ ആഭിമുഖ്യത്തിൽ കൂനൻ കുരിശു സത്യത്തിന്റെ 352–ാം വാർഷികവും സഭാചരിത്ര പഠന സെമിനാറും 2006 ജനുവരി 8 ഞായറാഴ്ച 4 മണിയ്ക്ക് പാമ്പാടി സ്റ്റേറ്റ് ബാങ്കിനു സമീപമുള്ള വടകര ബിൽഡിംഗിൽ വച്ചു നടത്തുന്നു. വൈദിക സെമിനാരി ചരിത്രവിഭാഗം അദ്ധ്യക്ഷൻ റവ. ഡോ. റ്റി. ഐ. വർഗ്ഗീസ് മുഖ്യപ്രബന്ധം അവതരിപ്പിക്കുന്നതും ശ്രീ. എം. കുര്യൻ തോമസ് മുതലായവർ ചർച്ചകൾ നയിക്കുന്നതുമാണ്. എല്ലാ സഭാസ്നേഹികളെയും സമ്മേളനത്തിലേക്കു ക്ഷണിക്കുന്നു.

## പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ പെരുന്നാൾ സപ്ലിമെന്റ്

**അൽമായ വേദി മാസികയുടെ അടുത്തലക്കം ഫെബ്രുവരി 23 ന് മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ പെരുന്നാൾ സപ്ലിമെന്റായി പ്രസിദ്ധീകരിയ്ക്കുന്നു. സ്പോൺസർ ചെയ്യുവാനോ പരസ്യം നൽകി സഹായിക്കുവാനോ ആഗ്രഹിയ്ക്കുന്ന സഭാസ്നേഹികൾ ഉടനെ ബന്ധപ്പെടുക.**

**മലങ്കര ഓർത്തഡോക്സ് അൽമായ വേദി,**
**പോസ്റ്റ് ബോക്സ് നമ്പർ 652, കോട്ടയം – 686 001**

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' പ്രാർത്ഥനയിൽ സ്മരിയ്ക്കുക.
2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക.
3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക.
4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക.
5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക.
6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക.
7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക.
8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും ചെറുകഥകളും കവിതകളും അയച്ചുതന്ന് സഹകരിയ്ക്കുക.


## മലങ്കരസഭയ്ക്കെതിരെ പാത്രിയർക്കീസന്മാരുടെ അതിക്രമങ്ങൾ

ക്ഷണിച്ചും പണം അയച്ചു കൊടുത്തും 1875-ൽ വരുത്തിയ പത്രോസ് തൃതീയൻ മുതൽ ക്ഷണിക്കാതെ പണം നേടാൻ കൂടി വരുന്ന സക്കാ പ്രഥമൻ വരെയുള്ള സിറിയൻ ഓർത്തഡോക്സ് സഭയിലെ പാത്രിയർക്കീസന്മാർ കഴിഞ്ഞ 130 വർഷമായി മലങ്കര സഭയിൽ നടത്തിയ നീചമായ അതിക്രമങ്ങളും ക്രിസ്തുവിനെ മറന്നു നടത്തിയ വിലകുറഞ്ഞ മുടക്കുകളും നിയമ നിഷേധവും തൽഫലമായി മലങ്കര സഭ വരുത്തിവച്ച തളർച്ചയും ആധികാരിക രേഖകളുടെയും ദൃക്സാക്ഷി വിവരണങ്ങളുടെയും അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു. കൂടാതെ സ്ഥാനമാനങ്ങൾക്കുവേണ്ടി തത്വദീക്ഷയറ്റ ഏതാനും പാത്രിയർക്കീസന്മാരും എറാൻമൂളികളും ചെയ്ത ലജ്ജാകരമായ കാര്യങ്ങളും.

**ഗ്രന്ഥകർത്താക്കൾ: റവ. ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ.** 2006 മേയ് മാസം പ്രസിദ്ധപ്പെടുത്തുന്നു. വില 150 രൂപ. പ്രീപബ്ലിക്കേഷൻ വില (മാർച്ച് 31 വരെ) 100 രൂപ. (10 കോപ്പിക്ക് 800 രൂപ. ഇടവകക്കാർക്കും ആദ്ധ്യാത്മിക സംഘടനകൾക്കും). പണം അടച്ചു രജിസ്റ്റർ ചെയ്യുക. ബഥനി ആശ്രമവും റീത്തു പ്രസ്ഥാനവും മൂന്നാം എഡിഷൻ 2006 ജനുവരിയിൽ. വില. 100 രൂപ.

**കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, പി. ബി. 10, മാങ്ങാനം, കോട്ടയം – 18**
E-mail: kvmammen@yahoo.com

Best Compliments from
**TRANS WORLD TOURS & TRAVELS**
Kalathipady, Vadavathoor P. O., Kottayam - 686 010
Phone: 0481 - 2572415, Fax: 91 - 481 - 2572415
Air Tickets of all Airlines, Return Ticket Bookings & Re-confirmation, Visa Stamping, Emigration clearance, Passport, P. C. C., Certificate attestation and all other travel needs.
NISHA THOMAS (Travel Consultant)
Mob: 9847183460, 0481 2574116 (R)

**KERALA COFFEE WORKS**
M.L. Road, Kottayam
Phone: 2564935 (Shop)
2462272 (Res)



സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
Printed and Published by K. V. Abraham Koduvath (Working President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam
Editor: Mathews Thyparamban. DTP & Printing: Joice Thottackad, Sophia Print House, Surya Guest Line, Thekkenada, Kottayam, Ph: 0481 - 3955054, 98474 98303